തിരുവനന്തപുരം കോർപ്പറേഷൻ

# പരിഹാരബോധനം

## (എസ്.എസ്.എൽ.സി)

(2022 - 2023)

# മലയാളം

ജില്ല വിദ്യാഭ്യാസ പരിശീലനകേന്ദ്രം
(ഡയറ്റ്)
തിരുവനന്തപുരം



# പരിഹാരബോധനം

## മലയാളം

ആദ്യപ്രതി
നവംബർ 2023

ലേഔട്ട് & കവർ ഡിസൈൻ
കല്ലിംഗൽ ഗ്രാഫിക്സ്, ആറ്റിങ്ങൽ

ആശയവും ആവിഷ്കാരവും
തിരുവനന്തപുരം കോർപ്പറേഷൻ

ഭരണപരമായ ചുമതല
ശ്രീ. സി.സി.കൃഷ്ണകുമാർ, വിദ്യാഭ്യാസ ഉപഡയറക്ടർ,
തിരുവനന്തപുരം

അക്കാദമിക ചുമതല
ഡോ.ഷീജാകുമാരി ടി.ആർ, പ്രിൻസിപ്പൽ
(പൂർണ അധികചുമതല), ഡയറ്റ് തിരുവനന്തപുരം

ഏകോപനം
ശ്രീമതി ഗീതാനായർ, സീനിയർ ലക്ചറർ,
ഡയറ്റ് തിരുവനന്തപുരം

പ്രിന്റിങ്
ഗവ. പ്രസ്,തിരുവനന്തപുരം



പ്രിയ വിദ്യാർത്ഥികളേ,

തിരുവനന്തപുരം നഗരസഭാ പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം വർധിപ്പിക്കുന്നതിനായി നഗരസഭ നടപ്പിലാക്കുന്ന പദ്ധതിയാണ് 'പരിഹാരബോധനം'. മുൻ വർഷങ്ങളിൽ നടത്തിവന്നിരുന്ന പദ്ധതി ഈ വർഷവും വിപുലമായ നിലയിൽ നടപ്പിലാക്കുകയാണ്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കൂടുതൽ കരുതൽ നൽകി മുന്നിലേയ്ക്ക് ഉയർത്തുകയെന്നതാണ് നഗരസഭ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പൊതുവിദ്യാഭ്യാസ രംഗം കൂടുതൽ കരുത്താർജ്ജിച്ച് മുന്നേറുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വിവിധ തലങ്ങളിൽ മികവ് തെളിയിക്കാനുള്ള അവസരമൊരുക്കുന്നതിനും സർക്കാരും നഗരസഭയും പ്രതിജ്ഞാബദ്ധമാണ്. അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം ശ്രദ്ധേയമായ മാതൃകയായി മാറിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ഉപകരിക്കുന്ന തരത്തിൽ പഠന നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് നാം ലക്ഷ്യമിടുന്നത്. മികച്ച അധ്യാപകരുടെ സഹായത്തോടെ പഠനം അസ്വാദ്യകരമാക്കി മാറ്റിക്കൊണ്ട് കുട്ടികളെ മികച്ച നിലാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തിന്റെ സാധൂകരണം കൂടിയാണ് പരിഹാരബോധനം എന്ന ബൃഹത് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമാകുന്ന എല്ലാ പ്രിയപ്പെട്ട വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം മികച്ച വിജയം ആശംസിക്കുന്നു.

സ്നേഹത്തോടെ

**ആര്യ രാജേന്ദ്രൻ എസ്.**
മേയർ
തിരുവനന്തപുരം നഗരസഭ




പ്രിയപ്പെട്ട കുട്ടികളേ,

തിരുവനന്തപുരം നഗരസഭാ പരിധിയിൽ വരുന്ന ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗം കുട്ടികളുടെ പഠനനിലവാരം ഉയർത്താനും പൊതുപരീക്ഷയിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് മുൻവർഷങ്ങളെപ്പോലെ പരിഹാരബോധനം പദ്ധതി ഈ വർഷവും നടപ്പിലാക്കിവരുന്നതിൽ അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. ഈ വർഷത്തെ പൊതുപരീക്ഷയ്ക്ക് നേരത്തെതന്നെ തയ്യാറെടുക്കുന്നതിനും എല്ലാ വിഷയങ്ങളിലെ പാഠഭാഗങ്ങളിലൂടെ ആവർത്തിച്ചുകടന്നുപോകാനും പരിചയപ്പെടാനും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ.റീന കെ.എസ്.**
ചെയർപേഴ്സൺ
(വിദ്യാഭ്യാസ കായിക സ്റ്റാന്റിംഗ് കമ്മിറ്റി)
തിരുവനന്തപുരം കോർപ്പറേഷൻ

## ശില്പശാലയിൽ പങ്കെടുത്തവർ



1. **ശ്രീ. സുരേഷ്കുമാർ ജെ.**

   *റിട്ട. എച്ച്.എസ്.ടി.മലയാളം*

2. **ശ്രീമതി സുജ കമല**

   *ഗവ.ഗേൾസ് ഹൈസ്കൂൾ, ആറ്റിങ്ങൽ*

3. **ശ്രീ. രാജീവ് എസ്. ജോൺ**

   *എൽ.എം.എച്ച്.എസ്.എസ്. അമരവിള*

4. **ശ്രീമതി അഞ്ജുഗോപാൽ വി.എസ്.**

   *ഗവ.മോഡൽ എച്ച്.എസ്.എസ്. വെങ്ങാനൂർ*

5. **ശ്രീമതി വിലോലിത വി.വി.**

   *ഗവ.എച്ച്.എസ്.എസ്. ഫോർ ഗേൾസ്, നെയ്യാറ്റിൻകര*

6. **ഡോ.രമേഷ്കുമാർ എസ്.**

   *ഗവ.വി.എച്ച്.എസ്.എസ്. പാറശാല*

7. **ശ്രീമതി ശ്രീലേഖ ആർ.എസ്.**

   *ഗവ.എച്ച്.എസ്.എസ്. വെഞ്ഞാറമ്മൂട്*

## ഉള്ളടക്കം

### കേരള പാഠാവലി

**യൂണിറ്റ് 1 കാലാതീതം കാവ്യവിസ്മയം**

1. ലക്ഷ്മണസാന്ത്വനം ..... 7
2. ഋതുയോഗം ..... 11
3. പാവങ്ങൾ ..... 13

**യൂണിറ്റ് 2 അനുഭൂതികൾ ആവിഷ്കാരങ്ങൾ**

1. വിശ്വരൂപം ..... 15
2. പ്രിയദർശനം ..... 18
3. കടൽത്തീരത്ത് ..... 21

**യൂണിറ്റ് 3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ**

1. പ്രലോഭനം ..... 25
2. യുദ്ധത്തിന്റെ പരിണാമം ..... 28
3. ആത്മാവിന്റെ വെളിപാടുകൾ ..... 31

**യൂണിറ്റ് 4 വാക്കുകൾ സർഗതാളങ്ങൾ**

1. അക്കർമാശി ..... 34
2. ഞാൻ കഥാകാരനായ കഥ ..... 37
3. അശ്വമേധം ..... 40

**യൂണിറ്റ് 5 കലകൾ കാവ്യങ്ങൾ**

1. ഉരുളക്കിഴങ്ങ് തിന്നുന്നവർ ..... 43
2. മൈക്കലാഞ്ജലോ, മാപ്പ് ..... 46

### അടിസ്ഥാന പാഠാവലി

**യൂണിറ്റ് 1 ജീവിതം പടർത്തുന്ന വേരുകൾ**

1. പ്ലാവിലക്കഞ്ഞി ..... 49
2. ഓരോ വിളിയും കാത്ത് ..... 52
3. അമ്മത്തൊട്ടിൽ ..... 55

**യൂണിറ്റ് 2 നിലവ് പെയ്യുന്ന നാട്ടുവഴികൾ**

1. കൊച്ചുചക്കരച്ചി ..... 58
2. ഓണമുറ്റത്ത് ..... 61
3. കോഴിയും കിഴവിയും ..... 64
4. ശ്രീനാരായണഗുരു ..... 66

**യൂണിറ്റ് 3 വാക്കുകൾ വിടരുന്ന പുലരികൾ**

1. പത്രനീതി ..... 69
2. പണയം ..... 72
3. അമ്മയുടെ എഴുത്തുകൾ ..... 75

അനുബന്ധം ..... 78

ചോദ്യപേപ്പർ ..... 106



യൂണിറ്റ് 1

# കേരളപാഠാവലി

## കാലാതീതം കാവ്യവിസ്മയം

**ആമുഖ പദ്യം - ആശയം**

- ആധുനിക മലയാള കവികളിലൊരാളായ സച്ചിദാനന്ദന്റെ കവികളുടെ ഭാഷ എന്ന കവിതയിലെ വരികൾ
- കവികളുടെ ഭാഷ സ്വാഭാവികമാണെന്ന് സൂചിപ്പിക്കുന്നു.
- കവി ഭാഷയുടെ ചുറ്റുപാടുകളോടുള്ള ബന്ധവും സാധാരണത്വവും വ്യക്തമാക്കുന്നു.
- അടിസ്ഥാനപരമായി സാഹിത്യകാരന്മാർ ലോകത്തെവിടെയും കൈകാര്യം ചെയ്യുന്നത് സമൂഹത്തിലെ പൊതുപ്രശ്നങ്ങളാണെന്ന് ചൂണ്ടിക്കാട്ടുന്നു.
- എഴുത്തുകാരുടെ ആശയങ്ങൾക്കും വൈകാരിക ആശയങ്ങൾക്കും ഭാവാവിഷ്ക്കാരത്തിനും ഐക്യമുണ്ടെന്നും മാനവികതയും പ്രകൃതിബോധവും അവർ പങ്കുവയ്ക്കുന്നുണ്ടെന്നും പറയുന്നു.

---

**ചോദ്യം**

കവി ഭാഷയെ സംബന്ധിച്ച സച്ചിദാനന്ദന്റെ നിരീക്ഷണം അപഗ്രഥിച്ച് കുറിപ്പ് തയ്യാറാക്കുക.

ഈ യൂണിറ്റിൽ മൂന്ന് പാഠങ്ങളാണുള്ളത്. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടിൽ അയോദ്ധ്യാകാണ്ഡത്തിലെ ലക്ഷ്മണ സാന്ത്വനം എന്ന പാഠമാണ് ആദ്യത്തേത്. സംസ്കൃത മഹാകവി കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന് കേരളപാണിനി എ.ആർ.രാജരാജവർമ്മ തയ്യാറാക്കിയ പരിഭാഷയായ മലയാള ശാകുന്തളത്തിലെ ഏഴാമങ്കത്തിലെ ഒരു ഭാഗമാണ് 'ഋതുയോഗം'എന്ന രണ്ടാമത്തെ പാഠം. ഫ്രഞ്ച് കവിയും നോവലിസ്റ്റുമായ വിക്ടർ ഹ്യൂഗോയുടെ 'ലാ മിറാബലെ' എന്ന കൃതിയ്ക്ക് നാലപ്പാട്ട് നാരായണമേനോൻ തയ്യാറാക്കിയ പരിഭാഷയിലെ ഒരു ഭാഗമാണ് മൂന്നാമത്തെ പാഠമായ 'പാവങ്ങൾ'

# 1. ലക്ഷ്മണസാന്ത്വനം



ആധുനിക മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തുരാമാനുജൻ എഴുത്തച്ഛൻ കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താവുമാണ്. സാധാരണ ജനങ്ങളിലേയ്ക്കുപോലും മൂല്യബോധവും ജീവിത പാഠവും പകർന്ന എഴുത്തച്ഛന്റെ പ്രധാനപ്പെട്ട സ്വതന്ത്ര വിവർത്തന കൃതിയാണ് അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്. ആ കൃതിയിലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നെടുത്ത ഒരു ഭാഗമാണ് പാഠം. ജ്യേഷ്ഠനായ ശ്രീരാമന്റെ രാജാവായിട്ടുള്ള അഭിഷേകം മുടങ്ങിയതറിഞ്ഞ് കുപിതനായി നിൽക്കുന്ന അനുജനായ ലക്ഷ്മണനെ രാമൻ ഉപദേശം കൊണ്ട് ശാന്തനാക്കുന്നു.

**ആശയങ്ങൾ**

- വാത്സല്യത്തോടെയും ശാന്തതയോടെയും ലക്ഷ്മണനെ സമീപിച്ച് അദ്ദേഹത്തിന്റെ കഴിവുകളെ അംഗീകരിച്ചുകൊണ്ടാണ് ശ്രീരാമൻ ഉപദേശം ആരംഭിക്കുന്നത്.
- നാം കാണുന്ന രാജ്യവും ശരീരവും ലോകവും ധാന്യധനാദികളുമൊന്നും ശാശ്വതമല്ല.

- ബാഹ്യലോകത്തെ സുഖങ്ങളെല്ലാം പെട്ടെന്ന് അവസാനിക്കുന്നതും ആയുസ് പെട്ടെന്ന് അവസാനിക്കുന്നതുമാണ്.
- പാമ്പിന്റെ വായിലുള്ള തവള മരണം മുന്നിൽ ഉള്ളപ്പോഴും ഭക്ഷണം അന്വേഷിക്കുന്നതുപോലെ പെട്ടെന്ന് അവസാനിക്കുന്ന ജീവൻ ധരിച്ച മനുഷ്യരും സുഖം തേടുന്നു.
- ഐശ്വര്യം സ്ഥിരമല്ല. യൗവനം പെട്ടെന്ന് അവസാനിക്കും.
- നശ്വരമായ ശരീരത്തിൽ അഹങ്കരിച്ച് മനുഷ്യൻ ജാതിയിലും സ്ഥാനമില്ല ധനസ്ഥിതിയിലുമെല്ലാം വെറുതേ അഭിമാനം കൊള്ളുന്നു.
- ശരീരം പല തരത്തിൽ ഇല്ലാതാവുന്നതാണ്. അതിൽ ഭ്രമിച്ച് ലോകനാശത്തിന് ഒരുങ്ങരുത്.
- ദേഹമാണ് താനെന്ന വിചാരമാണ് അവിദ്യ. ആത്മാവാണ് താനെന്ന വിചാരം വിദ്യയും.
- അവിദ്യയാലാണ് ബാഹ്യലോകം ഉള്ളതാണെന്ന് തോന്നുന്നത്. വിദ്യയാൽ സംസാരം നശ്വരമാണെന്ന് മനസിലാകും.
- കാമം, ക്രോധം, ലോഭം, മോഹം എന്നിവ മനുഷ്യന്റെ ശത്രുക്കളാണ്. ഇതിൽ ക്രോധമാണ് മോക്ഷത്തെ ഏറ്റവും കൂടുതൽ തടസ്സപ്പെടുത്തുന്നത്.
- ക്രോധം സർവനാശത്തിനും വേദനയ്ക്കും ധർമ്മക്ഷയത്തിനും കാരണമാകുമെന്നതിനാൽ അറിവുള്ളവർ അത് ഉപേക്ഷിക്കണം.

**മാതൃകാ ചോദ്യങ്ങൾ**

**ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.**

1. ഭോഗങ്ങളെല്ലാം <u>ക്ഷണപ്രഭാ</u>ചഞ്ചലം – അടിവരയിട്ട പദത്തിന്റെ അർത്ഥം എന്ത്?

   (ആയുസ്, സുഖം, മിന്നൽ, അഗ്നി)

2. മുക്തിയ്ക്ക് തടസ്സമുണ്ടാക്കുന്ന മനുഷ്യന്റെ ഏറ്റവും വലിയ ശത്രു ഏത്?

   (കാമം, ക്രോധം, ലോഭം, മോഹം)

   **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. വിദ്യ, അവിദ്യ ഇവ തമ്മിലുള്ള പ്രധാന വ്യത്യാസമെന്തെന്നാണ് കവി സൂചിപ്പിക്കുന്നത്.
4. ദേഹം നിമിത്തമഹംബുദ്ധികൈക്കൊണ്ടു

   മോഹം കലർന്നു ജന്തുക്കൾ നിരൂപിക്കും– എന്താണ് നിരൂപിക്കുന്നത്?

   **അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. 'ക്രോധം പരിത്യജിക്കേണം ബുധജനം' – ഈ പ്രസ്താവനയ്ക്ക് അടിസ്ഥാനമായി കവി പറയുന്ന കാരണങ്ങളെന്തെല്ലാം?
6. ബാഹ്യലോകത്തിന്റെ നശ്വരത വ്യക്തമാക്കാൻ കവി നിരത്തുന്ന ഉദാഹരണങ്ങളുടെ ഔചിത്യം പരിശോധിക്കുക.

   ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

7. 
   - "ഭോഗങ്ങളെല്ലാം ക്ഷണ്യപ്രഭാചഞ്ചലം"
   - "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്"
   - "നന്നല്ല ദേഹം നിമിത്തം മഹാമോഹം"
   - "ക്രോധം പരിത്യജിക്കേണം ബുധജനം"

   കവിതാഭാഗങ്ങൾ വിലയിരുത്തി എഴുത്തച്ഛന്റെ ഉപദേശങ്ങളുടെ സ്വഭാവം വിശകലനം ചെയ്യുക.

**ഇതര ചോദ്യങ്ങൾ**

1. എഴുത്തച്ഛന്റെ കാവ്യഭാഷ- വിശകലനക്കുറിപ്പ് തയ്യാറാക്കുക.

2. "പാന്ഥർ പെരുവഴിയമ്പലം തന്നിലേ

താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയും

എത്രയും ചഞ്ചലമാലയ സംഗമം" - ഈ വരികളിലെ ചമൽക്കാരഭംഗി വിശദമാക്കുക.

- ❖ മനുഷ്യജീവിതം നശ്വരമാണ് എന്ന ആശയത്തിന്റെ അവതരണം
- ❖ വഴിയമ്പലത്തിൽ ഒത്തുകൂടി യാത്രക്കാർ പിരിയുമ്പോലെയും നദിയിലൂടെ ഒഴുകുന്ന തടിക്കഷ്ണങ്ങളെപ്പോലെയും ക്ഷണികമാണ് മനുഷ്യജീവിതം.
- ❖ ഉചിതമായ സാദൃശ്യ കല്നകളുടെ മനോഹാരിത.

**ഉത്തരസൂചിക - ലക്ഷ്മണ സാന്ത്വനം**

3. ❖ ദേഹമാണ് താൻ എന്ന് വിചാരിക്കുന്ന അവസ്ഥയാണ് അവിദ്യ.
   - ❖ അതാണ് മോഹത്തെ ഉണ്ടാക്കുന്നത്.
   - ❖ ദേഹമല്ല ആത്മാവാണ് താനെന്ന് വിചാരിക്കുന്ന അവസ്ഥയാണ് വിദ്യ.
   - ❖ ബാഹ്യലോകം ഉണ്ടെന്ന് തോന്നിക്കുന്നത് അവിദ്യയും ഇത് നശ്വരമാണെന്ന് കരുതുന്നത് അവിദ്യയും.

4. ❖ ഞാൻ ബ്രഹ്മണനാണ്, രാജാവാണ്, ധനവാനാണ് എന്നെല്ലാം വിചാരിക്കുന്നു.
   - ❖ ഇവിടെ ജാതി, സ്ഥാനം, സമ്പത്ത് ഇവയാണ് പൊതുവേ സൂചിപ്പിക്കുന്നത്.

5. ❖ മോക്ഷത്തിന് വിഘ്നമുണ്ടാക്കുന്നത് ക്രോധമാണ്.
   - ❖ മനുഷ്യന്റെ ശത്രുക്കളായ കാമം ക്രോധം, ലോഭം, മോഹം എന്നിവയിൽ വലിയ ശത്രു ക്രോധമാണ്.
   - ❖ ക്രോധമാണ് ഉറ്റവരെ നശിപ്പിക്കാനുള്ള പ്രേരണ നൽകുന്നത്.
   - ❖ ക്രോധം ദുഃഖമുണ്ടാക്കും. കടമകളിൽ നിന്ന് പിന്നോട്ട് വലിയ്ക്കും.
   - ❖ ക്രോധം സമസ്ത നാശമുണ്ടാക്കും.

6. ❖ നാം കാണുന്ന ബാഹ്യലോകവും ശരീരവുമൊന്നും ശാശ്വതമല്ല.
   - ❖ സുഖങ്ങൾ മിന്നൽ പോലെ ക്ഷണികം. ആയുസും എപ്പോൾ വേണമെങ്കിലും നഷ്ടപ്പെടാം.
   - ❖ പാമ്പിന്റെ വായിലെ തവള, ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലത്തുള്ളി തുടങ്ങിയ കല്പനകൾ ഓർക്കണം.
   - ❖ വഴിയമ്പലത്തിൽ ഒത്തുകൂടി പിരിയുന്നവരെപ്പോലെയാണ് ക്ഷണികമായ മനുഷ്യജീവിതം.
   - ❖ ഭാര്യാസുഖം, യൗവനകാലം, പുത്രസുഖം എന്നിവയെല്ലാം ക്ഷണികം.

7. ❖ എല്ലാക്കാലത്തും എല്ലായിടത്തും പ്രസക്തം
   - ❖ ഗഹനമായ ആദ്ധ്യാത്മിക തത്വങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു.
   - ❖ മനുഷ്യജീവിതത്തിന്റെ നശ്വരതയും ക്ഷണികതയും വ്യക്തമാക്കുന്നു.
   - ❖ ലളിതമായ ഉദാഹരണങ്ങൾ നിരത്തുന്നു.

**ഇതര ചോദ്യങ്ങൾ**

1. ❖ സംസ്കൃത പദങ്ങൾ അധികമായി ഉപയോഗിച്ചു.
   ❖ ഗഹനമായ ആദ്ധ്യാത്മിക തത്വങ്ങൾ അവതരിപ്പിക്കാൻ ഭാഷയ്ക്ക് കരുത്തുണ്ടെന്ന് അറിയിക്കുന്നു.
   ❖ ദേശഭാഷാപദങ്ങൾ കടന്നു വരുന്നു.
   ❖ സാധാരണക്കാരെയും പണ്ഡിതരേയും ഒരുപോലെ ആകർഷിക്കുന്നു.




# 2. ഋതുയോഗം



കവികുല ഗുരുവായ കാളിദാസന്റെ വിഖ്യാതമായ അഭിജ്ഞാന ശാകുന്തളം നാടകത്തിന്റെ കഥ മഹാഭാരതത്തിലുള്ളതാണ്. ആവശ്യമായ കൂട്ടിച്ചേർക്കലുകളോടെ ശകുന്തളോപാഖ്യാനത്തെ ലോകം നമിക്കുന്ന ഒരു നാടകമാക്കി കാളിദാസൻ മാറ്റി. നാല്പതിലധികം തർജമകൾ ഈ നാടകത്തിന് മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും എ. ആർ.രാജരാജവർമ്മയുടെ 'മലയാള ശാകുന്തളം' അവയിൽ ശ്രദ്ധേയമാണ്. ഇതിൽ ഏഴാമങ്കത്തിൽ ദുഷ്ഷന്ത മഹാരാജാവ് വർഷങ്ങൾക്കു ശേഷം ഭാര്യയായ ശകുന്തളയേയും പുത്രനായ സർവ്വദമനനേയും കണ്ടുമുട്ടുന്ന ഭാഗമാണ് പാഠം.

**ആശയങ്ങൾ**

- ദുഷ്ഷന്തൻ മാറി നിന്ന് ബാലനായ സർവ്വദമനന്റെ കുസൃതികൾ കാണുന്നു. സ്വന്തം പുത്രനെപ്പോലെ സ്നേഹം തോന്നുന്നതായി രാജാവ് വിചാരിക്കുന്നു.
- സിംഹക്കുട്ടിയോട് കളിക്കുന്ന ബാലൻ ധീരനാണ്. കുസൃതിക്കാരനും.
- കയ്യിലെ ചക്രവർത്തിലക്ഷണം രാജാവ് ശ്രദ്ധിക്കുന്നു. അവൻ ആശ്രമബാലനല്ലെന്ന് ഉറപ്പിക്കുന്നു.
- താപസിമാരോട് ചോദിച്ച വിശദവിവരങ്ങൾ രാജാവ് മനസിലാക്കുന്നു. സന്തോഷിക്കുന്നു.
- ശകുന്തളയും രാജാവും കണ്ടുമുട്ടുന്നു. ശകുന്തളയുടെ മുദ്രമോതിരം കാണുന്നു.
- രാജാവ് ഭാര്യയോടും പുത്രനോടുമൊപ്പം മാരീചനേയും അദിതിയേയും കണ്ട് അനുഗ്രഹം വാങ്ങുന്നു.

**മാതൃകാ ചോദ്യങ്ങൾ**

**ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.**

1. സർവദമനന്റെ എന്ന പേരിന്റെ ശരിയായ അർത്ഥം എന്ത്?

   (സർവതിലും അതീതനായവൻ, സർവ്വവും ഭരിക്കുന്നവൻ, എല്ലാറ്റിനേയും അടക്കുന്നവൻ)

2. മലിനം വസനദ്വയം, വ്രതത്താൽ

   മെലിവേറ്റം കുഴൽ കറ്റയൊറ്റയായി

   പലനാളിവളുണ്ടു കാത്തിടുന്നു

   ഖലനാമെന്റെ വിയോഗദീക്ഷ സാധ്വി- ഇവിടെ നിഴലിക്കുന്ന രാജാവിന്റെ മാനസികാവസ്ഥയെന്ത്?

   (പശ്ചാത്താപം, ദേഷ്യം, വെറുപ്പ്, പരിഹാസം)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. 'എന്റെ മനോവിചാരം പൂർണ്ണമായി സിദ്ധിച്ചു'. ദുഷ്ഷന്തന്റെ വിചാരമെന്തായിരുന്നു.

4. ആശയ പൂർത്തിയുള്ള രണ്ടു വാക്യമാക്കുക.

ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണെങ്കിലും അതു നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു.

**അരപ്പുറത്തിൽ ഉത്തരമെഴുതുക.**

5. "ഇന്നക്കണ്ണീർ ചുളിവെഴുമിമയ്ക്കുള്ളിൽ നിന്നേ തുടച്ചി-

ട്ടന്തസ്താപം സുമുഖി, ദയിതേ! ചെറ്റുഞാനാറ്റിടട്ടേ" രാജാവിന്റെ അന്തസ്താപത്തിനുള്ള കാരണമെന്ത്?

6. തെറികാട്ടിയാശ്രമ വിരുദ്ധവൃത്തി നീ

ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ

വരികളിലെ ചമൽക്കാരഭംഗി വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. 'നാഥോദയം നാടകം' (നായകന്റെ ഉയർച്ചയിലാണ് നാടകം അവസാനിക്കേണ്ടത്- ഇവിടെ നൽകിയ സംസ്കൃതനാടകലക്ഷണത്തിന്റെ ഒടുവിലത്തെ ഭാഗം ഋതുയോഗം എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

**ഇതരചോദ്യം**

1. 'മാല്യം മൂർദ്ധാവിലിട്ടാൽ തലകുടയുമുടൻ

പാമ്പിതെന്നോതിയന്ധൻ' - മനുഷ്യസ്വഭാവം ഈ വരികളിൽ തെളിയുന്നതെങ്ങനെ?

- ശകുന്തളാസമാഗമത്തിൽ രാജാവ് കുറ്റബോധത്തോടെ പറയുന്ന വാക്കുകൾ
- വിവേകമില്ലാതെയും തിരിച്ചറിവില്ലാതെയും മനുഷ്യൻ നന്മയെ അറിയാതിരിക്കുന്നു.

---

**ഉത്തരസൂചിക**

3. ◈ സർവദമനൻ തന്റെ പുത്രനാണെന്നതാണ് വിചാരം

◈ മുൻപേ തന്നെ ഉണ്ടായിരുന്ന സംശയം ബാലന്റെ കയ്യിൽ നിന്നഴിഞ്ഞു വീണ രക്ഷ എടുത്തപ്പോൾ ഒന്നും സംഭവിക്കാത്തതിനാൽ ഉറപ്പിച്ചു.

4. ◈ ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണ്. അതു നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു.

5. ◈ ശകുന്തളയെ ഉപേക്ഷിച്ചതിലുള്ള കുറ്റബോധം

◈ ആ ദുഃഖം പൂർണ്ണമായി മാറില്ലെങ്കിലും അല്പമെങ്കിലും കുറയ്ക്കാമെന്ന സൂചന.

◈ ശകുന്തളയെ പരിത്യജിക്കാനിടയായ സാഹചര്യത്തെ ലഘുവായി വിവരിക്കണം.

6. ◈ കുട്ടിയുടെ കുസൃതിയും വിശുദ്ധിയും ചെറുപാമ്പ് എന്ന പ്രയോഗത്തിലുണ്ട്.

◈ ആശ്രമത്തിന്റെ പരിശുദ്ധി ചന്ദനമരം എന്ന പ്രയോഗത്തിൽ കാണാം.

◈ ഉപമാലങ്കാരം ആശയഭംഗി വർദ്ധിപ്പിക്കുന്നു.

7. ◈ കാളിദാസൻ, എ.ആർ.രാജരാജവർമ്മ എന്നിവരെക്കുറിച്ച് ലഘുവിവരണം.

◈ ശാകുന്തളം പ്രമേയത്തിന്റെ സംക്ഷിപ്ത വിവരണം


◈ പല പ്രതിസന്ധികളുണ്ടായിട്ടും ദുഷ്ഷന്തന്റെ ദുഃഖവിരാമത്തിലാണ് നാടകം അവസാനിക്കുന്നത്.

◈ ഉപസംഹാരം



# കേരളപാഠാവലി

## 3. പാവങ്ങൾ




വിശ്വപ്രസിദ്ധനായ ഫ്രഞ്ച്കവിയും നോവലിസ്റ്റും, നാടകകൃത്തുമായ വിക്ടർഹ്യൂഗോയുടെ 'ലാ-മിറാബലെ' എന്ന നോവലിന് മലയാള കവിയും വിവർത്തകനുമായ നാലപ്പാട്ട് നാരായണമോനോൻ നൽകിയ പരിഭാഷ യാണ് 'പാവങ്ങൾ'. ജീവിത സാഹചര്യങ്ങളാൽ ഒരു റൊട്ടി മോഷ്ടിക്കേണ്ടി വന്ന ഴാങ് വാൽ ഴാങ് കള്ളനായി മാറുന്നതും ഡി പട്ടണത്തിലെ മെത്രാന്റെ ഇടപെടലിലൂടെ അയാൾ പുതിയൊരു മനുഷ്യനാവുന്നതുമാണ് നോവ ലിലെ പ്രധാന പ്രമേയം. മെത്രാന്റെ താമസസ്ഥലത്ത് അഭയം ലഭിക്കുന്ന ഴാങ് വാൽ ഴാങ് രാത്രി നടത്തുന്ന മോഷണ ശ്രമവും തുടർ സംഭവങ്ങളു മാണ് പാഠത്തിൽ

**ആശയങ്ങൾ**

- അഭയം ലഭിച്ച മെത്രാന്റെ താമസസ്ഥലത്ത് രാത്രി ഴാങ് - വാൽ ഴാങ് നടത്തുന്ന മോഷണ ശ്രമം
- അവിടുത്തെ വെള്ളി സാധനങ്ങൾ മോഷ്ടിച്ച അയാൾ സ്ഥലം വിട്ടു.
- പിറ്റേന്ന് മെത്രാൻ മോർസിന്യേർ ബിയാങ് വെന്യുവിനോട് മദാം മഗ്ലാർ മോഷണം നടന്ന വിവരം അറിയിക്കുന്നു.
- മോഷണത്തോട് ശാന്തമായി മെത്രാൻ പ്രതികരിക്കുന്നു.
- മോഷണ വസ്തുവിനോടൊപ്പം പിടിയ്ക്കപ്പെട്ട ഴാങ് വാൽ ഴാങിണ പോലീസുകാർ മെത്രാന് മുമ്പിൽ ഹാജരാക്കുന്നു.
- വസ്തുക്കൾ മോഷ്ടിച്ചതല്ലെന്നും താനവ അയാൾക്ക് നൽകിയതാണെന്നും മെത്രാൻ പറ ഞ്ഞു.
- ശിക്ഷയുടെ വക്കിൽ നിന്ന് രക്ഷപ്പെട്ട ഴാങ് വാൽ ഴാങ് അതിശയത്തോടെ നിൽക്കുമ്പോൾ ഒരു സത്യവാനായിരിക്കുമെന്ന് മനസിൽ ആ നിമിഷമെടുക്കുന്ന പ്രതിജ്ഞ മറക്കരുതെന്ന് മെത്രാൻ ഓർമ്മിപ്പിക്കുന്നു.

മാതൃകാ ചോദ്യങ്ങൾ

**ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.**

1. "അപ്പോൾ, ഒന്നാമത് ആ വെള്ളിസ്സാമാനം നമ്മുടേതായിരുന്നുവോ!" മെത്രാന്റെ ഈ ചോദ്യത്തിന്റെ ധ്വനിയെന്ത്?

(ഇവിടെയുള്ളതൊന്നും നമ്മുടേത് മാത്രമല്ല

വെള്ളിസാധനം തന്റേത് മാത്രമാണ്.

വെള്ളിസാധനം ഴാങ് വാൽ ഴാങിന്റേതാണ്

വെള്ളി സാധനം മദാം മഗ്ലാറുടേതാണ്.)

2. ഴാങ് വാൽ ഴാങ് മോഹാലസ്യപ്പെടാൻ പോകുന്ന ഒരാളെപ്പോലെ കാണപ്പെട്ടു. ഈ മാനസികാവ വസ്ഥയിൽ അയാൾ എത്താൻ കാരണം എന്ത്?

(അറസ്റ്റ് ചെയ്യപ്പെടും എന്ന് ഉറപ്പായതുകൊണ്ട്, വെറുതേ വിടാൻ മെത്രാൻ പറഞ്ഞതുകൊണ്ട്, തൊണ്ടിയോടെ പിടിയ്ക്കപ്പെട്ടതുകൊണ്ട്)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. "ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു." എന്താണ് ഒന്നാമത്തെ അപകടം?

- തിരികുറ്റിയുടെ ശബ്ദം സാമാന്യം ഉച്ചത്തിലായിരുന്നിട്ടും ആരും ഉണർന്നില്ല.
- പിടിയ്ക്കപ്പെടുമെന്ന് കരുതിയിട്ടും ഒന്നും സംഭവിക്കാതിരുന്നതിലെ ആശ്വാസം

4. മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവ വിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചുനോക്കി - ഈ ഭാവവിശേഷത്തിന് കാരണമെന്തായി രുന്നു?

- വെള്ളി സാമാനങ്ങൾ മോഷ്ടിച്ച് മടങ്ങുന്ന സമയം തൊണ്ടിയോടെ പോലീസ് പിടി കൂടു മ്പോൾ രക്ഷപ്പെടാനാവുമെന്ന പ്രതീക്ഷ ഉണ്ടായിരുന്നില്ല.
- എന്നാൽ താൻ അവ അയാൾക്ക് നൽകിയതാണെന്ന് മെത്രാൻ പറയുമ്പോൾ പോലീസു കാർ അയാളെ വെറുതേവിട്ടു
- അനിവാര്യമായ അപകടം അകന്നു പോയതറിഞ്ഞ ആശ്വാസം

5. ഴാങ് വാൽ ഴാൻ മോഹാലസ്യപ്പെടാൻ പോകുന്ന ഒരാളെപ്പോലെ കാണപ്പെട്ടു. ഇങ്ങനെ ഉണ്ടാ വാനിടയായ സാഹചര്യം വിശദമാക്കുക.

- മെത്രാന്റെ വാക്ക് വിശ്വസിച്ച് ഴാങ് വാൽ ഴാങിനെ വെറുതേ വിട്ട് പോലീസുകാർ പോയി.
- വീട്ടിൽ അവശേഷിച്ച മെഴുകുതിരിക്കാലുകളും മെത്രാൻ അയാൾക്കു നൽകി.
- ഇതും കൂടാതെ ഇനി വരുമ്പോൾ തെരുവിലേയ്ക്കുള്ള വാതിലിലൂടെ വരാനും അത് എപ്പോഴും തുറന്നിടുമെന്നും മെത്രാൻ പറയുന്നു.
- അപ്രതീക്ഷിതമായ മെത്രാന്റെ പെരുമാറ്റത്തോടുള്ള പ്രതികരണം

6. മെത്രാൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്ത് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

- ശാന്തനും പണ്ഡിതനും സ്നേഹസമ്പന്നനുമായ കഥാപാത്രം.
- പരോപകാരം, ദയ, കാരുണ്യം എന്നിവ പ്രകടമാക്കുന്നു.
- ദൈവ സ്നേഹം മനുഷ്യസ്നേഹം തന്നെയാണെന്ന ഉറച്ച ബോധ്യമുണ്ട്.
- എല്ലാവരോടും മാന്യമായി പെരുമാറി അന്യരുടെ ബഹുമാനം നേടുന്നു.
- മേഷ്ടാവാണെന്നറിഞ്ഞിട്ടും ഴാങ് വാൽ ഴാങിന് അഭയം നൽകുന്ന കരുണയും സഹജീവി സ്നേഹവും

7. അവസരോചിതമയ ഇടപെടലിലൂടെ മെത്രാൻ ഴാങ് വാൽ ഴാങ് എന്ന വ്യക്തിയെ തെറ്റിൽ നിന്ന് മടക്കിക്കൊണ്ടു വരുന്നത് പാഠഭാഗത്ത് കാണാം. കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സമകാ ലിക പശ്ചാത്തലത്തിൽ 'കുറ്റവാളിയെയല്ല കുറ്റത്തെയാണ് വെറുക്കേണ്ടത്.' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയ്യാറാക്കുക

- വിഷയം കടന്നുവരും വിധം ഒരു ശീർഷകം ഉണ്ടാവണം
- കുറ്റം ഉണ്ടാവാനുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള ലഘുവിവരണം
- കുറ്റവാളിയോട് സമൂഹം കാണിക്കേണ്ട മനോഭാവത്തെക്കുറിച്ചുള്ള വിവരണം
- കുറ്റവാളിയെയല്ല കുറ്റത്തെയാണ് വെറുക്കേണ്ടതെന്ന പൊതുവായ ആശയം കടന്നു വരണം.

യൂണിറ്റ് 2




**ആമുഖ പദ്യം - ആശയം**

- സ്നേഹമാണ് അന്യരോടുള്ള ബന്ധം നിലനിർത്തുന്നത്.
- തിരുവള്ളുവരുടെ തിരുക്കുറലിലെ ഒരു കുറൾ.
- മനുഷ്യജീവിതത്തിൽ സ്നേഹത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.
- സമൂഹജീവിയായി മനുഷ്യനെ നിലനിർത്തുന്നതും സ്നേഹം തന്നെ.

**ചോദ്യങ്ങൾ**

1 സ്നേഹത്തിന്റെ മഹത്വം തിരുവള്ളുവരുടെ ഈ വരികളിൽ തെളിയുന്നുണ്ടോ? കുറിപ്പ് തയ്യാറാക്കുക.

2. “ഒരൊറ്റമതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ”
“അൻപുതരുമന്യരോടു ബന്ധ, മാബന്ധങ്ങൾ
നൺപെന്ന മഹിത സൗഭാഗ്യം” - വരികൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

---

സ്നേഹത്തിന്റെ വ്യത്യസ്തഭാവങ്ങൾ വിശദമാക്കുന്ന മൂന്ന് പാഠങ്ങളാണ് യൂണിറ്റിലുള്ളത്. ലളിതാംബിക അന്തർജനമെഴുതിയ ‘വിശ്വരൂപ’മെന്ന കഥയാണ് ഒന്നാമത്തേത്. മഹാകവി കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് രണ്ടാമത്തെ പാഠമായ ‘പ്രിയദർശനം’. ഒ.വി. വിജയന്റെ ‘കടൽത്തീരത്ത്’ എന്ന ശ്രദ്ധേയമായ കഥയാണ് യൂണിറ്റിലെ മൂന്നാമത്തെ പാഠം.

# 1. വിശ്വരൂപം



നവോത്ഥാനകാല മലയാള ചെറുകഥാകൃത്തായ ലളിതാംബിക അന്തർജനം എഴുതിയ കഥയാണ് വിശ്വരൂപം. കേന്ദ്രകഥാപാത്രമായ മിസിസ് തലത്തിന്റെ ജീവിതാവസ്ഥയുടെ വിവിധ ഘട്ടങ്ങൾ അവതരിപ്പിക്കുന്ന കഥയിൽ സ്ത്രീയുടെ വിശ്വരൂപം ആഖ്യാനം ചെയ്യപ്പെടുന്നു.

**കഥാസൂചനകൾ**

- സുധീർ എന്ന വ്യക്തി ലണ്ടനിലും ന്യൂയോർക്കിലുമെല്ലാം കണ്ട് പരിചയപ്പെട്ട തന്റെ യജമാനന്റെ പത്നിയെക്കാണാൻ വർഷങ്ങൾക്കുശേഷം നാട്ടിലെ ഗ്രാമത്തിലെത്തുന്നു.
- ഭർത്താവിന്റെ മരണത്തിനുശേഷം നാട്ടിലെത്തി ഗ്രാമീണ ജീവിതം നയിക്കുന്ന അവരിലുണ്ടായ മാറ്റം നിമിത്തം അയാൾക്ക് ആദ്യമവരെ തിരിച്ചറിയാനാവുന്നില്ല.
- അവർ പഴയകാല ജീവിതം ഓർമ്മിക്കുന്നു.
- ഭർത്താവുമൊത്ത് നഗരജീവിതം നയിച്ചിരുന്ന മിസിസ് തലത്ത് മക്കളെ സ്നേഹിക്കാനോ ഒപ്പം നിർത്തി വളർത്താനോ തയാറായില്ലെന്നും അതുകൊണ്ടാണ് വാർദ്ധക്യത്തിൽ തനിക്ക് മക്കളുടെ സംരക്ഷണം ലഭിക്കാത്തതെന്നും പറയുന്നു.
- അവർ പറയുന്നത് കേട്ടിരിക്കുന്ന സുധീറിന് അയാളുടെ അമ്മയെ ഓർമ്മ വരുന്നു.
- ന്യൂയോർക്കിൽക്കണ്ട അനാഥനായ വൃദ്ധനെക്കുറിച്ച് പറയുകയും മക്കളെ സ്നേഹിച്ചു വളർത്തണമെന്ന് സുധിറിന്റെ വരാൻ പോകുന്ന ഭാര്യയോട് പറയണമെന്നും സൂചിപ്പിക്കുന്നു.
- സ്ത്രീയുടെ വിശ്വരൂപം ദർശിച്ച് സുധീർ യാത്ര പറയുന്നു.

**മാതൃകാചോദ്യങ്ങൾ**

1. മിസിസ് തലത്തിൽ പൊട്ടിച്ചിതറിക്കൊണ്ട് വീണ്ടും അയാളെ കെട്ടിപ്പിടിച്ചു. അടിവരയിട്ട പദത്തിന്റെ പദത്തിന്റെ സാഹചര്യ അർത്ഥം എന്ത്?

   (ചിരിച്ചുകൊണ്ട്, കരഞ്ഞുകൊണ്ട്, ദേഷ്യപ്പെട്ടുകൊണ്ട്)

2. ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു മാഡം – ഇവിടെ തെളിയുന്ന ഭാവം?

   (സന്തോഷം, കുറ്റബോധം, വാശി, വെറുപ്പ്)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. "നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോടു പറയൂ – കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്" – മാഡം തലത്ത് സുധീറിനോട് ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?
   - മക്കളെ കൂടെ നിർത്തി സ്നേഹിച്ചു വളർത്താൻ അവർക്ക് സാധിച്ചില്ല.
   - അതുകൊണ്ട് വാർദ്ധക്യകാലത്ത് അവർക്കും സംരക്ഷണം ലഭിക്കുന്നില്ല.
   - താൻ സ്നേഹിക്കുന്നവർക്ക് അങ്ങനെ ഉണ്ടാവാൻ പാടില്ല.
4. 'ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം. ഇന്ത്യ എത്ര നല്ല നാടാണ്'. വൃദ്ധന്റെ വാക്കുകളിൽ നിഴലിക്കുന്ന ഭാവങ്ങൾ എന്തെല്ലാം?
   - വൃദ്ധൻ അനുഭവിക്കുന്ന അനാഥത്വം
   - ഭാരതത്തിൽ വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ ദൈവതുല്യം കാണുന്നു എന്ന സന്തോഷം

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. മാഡം തലത്തിൽ നിന്ന് താഴത്ത് കുഞ്ഞുക്കുട്ടി അമ്മയിലേക്കുള്ള പരിണാമം കഥയുടെ ഭാവതലത്തെ മനോഹരമാക്കുന്നുണ്ടോ?
   - വിദേശനഗരങ്ങളിൽ ഭർത്താവിനൊപ്പം ആഡംബരത്തോടെ ജീവിച്ച മിസിസ് തലത്ത്
   - ഭർത്താവിന്റെ മരണവും മക്കളിൽ നിന്ന് തൃപ്തികരമായി സംരക്ഷണം ലഭിക്കാത്തതും ജനിച്ചു വളർന്ന ഗ്രാമത്തിലേക്ക് മടങ്ങാൻ പ്രേരിപ്പിച്ചു.
   - പഴയ ജീവിത രീതിയും ശീലങ്ങളും ഭക്ഷണക്രമവുമൊക്കെയായി നാട്ടിൽ.
   - സ്നേഹം കൊടുത്താലേ ലഭിക്കൂ എന്ന തിരിച്ചറിവിലെത്തുന്നു.
6. "അങ്ങനെയല്ല മാഡം. കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്." മിസിസ് തലത്തിനെ ആശ്വസിപ്പിക്കാനായി സുധീർ പറഞ്ഞ ഈ വാക്കുകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
   - ജീവിത സാഹചര്യങ്ങളാണോ മനുഷ്യ ജീവിതത്തെ രൂപപ്പെടുത്തുന്നത്.

- അവസ്ഥയ്ക്കനുസരിച്ച് ജീവിക്കാതെ സ്വയം തീരുമാനങ്ങളെടുത്ത് ജീവിതാവസ്ഥകളെ രൂപപ്പെടുത്തേണ്ടതുണ്ടോ?
- മിസിസ് തലത്തിന്റെ ജീവിതത്തെ അവർക്ക് മറ്റൊരുതരത്തിൽ രൂപപ്പെടുത്താമായിരുന്നോ.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. സ്ത്രീയുടെ വിശ്വരൂപം മിസിസ് തലത്ത് എന്ന കഥാപാത്രത്തിലൂടെ വായനക്കാർക്ക് കാട്ടിത്തരാൻ കഥാകാരിയ്ക്ക് കഴിയുന്നുണ്ടോ- വിശദമാക്കുക.
   - ഗ്രാമപ്രദേശത്ത് സാധാരണ ജീവിതം നയിച്ചുവന്ന ഒരാൾ
   - വിവാഹാനന്തരം വിദേശ നഗരങ്ങളിൽ ജീവിക്കുന്നു.
   - നഗരജീവിതത്തിന്റെ തിരക്കിലും പുറംമോടികളിലും സ്നേഹരാഹിത്യത്തിലും കൃത്രിമത്വത്തിലുമെല്ലാം പെട്ടുപോവുന്നു.
   - ഭർത്താവിന്റെ മരണശേഷം നാട്ടിലേയ്ക്ക്.
   - കുട്ടിക്കാലത്ത് കൂടെ നിർത്തി സ്നേഹിക്കാത്ത മക്കളും അവരെ സ്നേഹിക്കുന്നില്ല.
   - താഴത്ത് കുഞ്ഞുക്കുട്ടിയമ്മയെന്ന ഗ്രാമീണസ്ത്രീയായി സ്വയം മാറുന്നു.
   - സ്ത്രീയുടെ വ്യത്യസ്ത ജീവിതാവസ്ഥകൾ സ്വാഭവികതയോടെ കടന്നു വരുന്നു.

**മറ്റ് ചോദ്യങ്ങൾ**

1. "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു." മിസിസ് തലത്തിന്റെ അനുഭവമാണ് കഥാകൃത്ത് വിവരിക്കുന്നത്. സമകാലിക സമൂഹത്തിൽ ഇത്തരം അമ്മമാരുണ്ട്. 'അനാഥമാകുന്ന വാർദ്ധക്യം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.
   - മുഖപ്രസംഗത്തിന് ശീർഷകം വേണം. കേന്ദ്ര ആശയത്തിന്റെ സൂചന ശീർഷകത്തിൽ നിന്ന് ലഭിക്കണം.
   - മൂന്നോ നാലോ ഖണ്ഡികകൾ വേണം.
   - വാർദ്ധക്യം ഉപേക്ഷിക്കപ്പെടേണ്ടതല്ലെന്നും അവരുടെ ജീവിതാനുഭവങ്ങൾ പുതിയ തലമുറയ്ക്ക് ആവശ്യമാണെന്നും സൂചിപ്പിക്കണം.




# 2. പ്രിയദർശനം

കുമാരനാശാൻ



'സ്നേഹഗായകൻ' എന്നറിയപ്പെടുന്ന കുമാരനാശാന്റെ പ്രസിദ്ധമായ ഖണ്ഡകാവ്യമാണ് 'നളിനി'. അതിലെ ഒരു ഭാഗമാണ് പ്രിയദർശനം. നളിനിയും ദിവാകരനുമാണ് ഇതിലെ നായികാനായകന്മാർ. അവർ കളിക്കൂട്ടുകാരായിരുന്നു. യുവാവായപ്പോൾ ദിവാകരൻ സന്ന്യാസിയായി നാടുവിട്ടു. നളിനി ദിവാകരനെപ്പറ്റിയുള്ള നല്ല ഓർമ്മകളുമായി കഴിഞ്ഞു. തന്റെ വിവാഹം വീട്ടുകാർ നിശ്ചയിച്ചതറിഞ്ഞ് അവൾ വീടുവിട്ടിറങ്ങി. തടാകത്തിൽ ചാടി ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഒരു സന്ന്യാസിനി അവളുടെ ജീവൻ രക്ഷിച്ചു. ഏറെക്കാലം കഴിഞ്ഞപ്പോൾ ഹിമാലയത്തിൽ സന്ന്യാസിയായി കഴിയുന്ന ദിവാകരനെ അവൾ കണ്ടുമുട്ടുന്നതും പഴയകാല സ്മരണകൾ പങ്കു വയ്ക്കുന്നതുമാണ് പാഠസന്ദർഭം.

**ആശയങ്ങൾ**

- ആത്മാർത്ഥമായി സ്നേഹിക്കുന്നവർ മനസ്സുകൾ പരസ്പരം തിരിച്ചറിയുന്നു.
- വിശുദ്ധസ്നേഹം മനുഷ്യമനസ്സുകളെ വിമലീകരിക്കുന്നു.
- സ്നേഹത്തിന് മരണമില്ല.
- സ്നേഹം പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് ആധാരം.
- സ്നേഹം സ്വാർത്ഥമാകരുത്; ലോകത്തെ ഒരുപോലെ സ്നേഹിക്കണം.
- മറ്റുള്ളവർക്കായി സ്വന്തം ജീവിതം സമർപ്പിക്കുമ്പോഴാണ് ഒരാളുടെ ജീവിതം ധന്യമാകുന്നത്.
- ലോകത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നവനാണ് യഥാർത്ഥ മനുഷ്യൻ.

**പരിശീലന ചോദ്യങ്ങൾ**

**I. ഏറ്റവും ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.(ഓരോന്നിനും 1 മാർക്കു വീതം)**

1. 'കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വിടവിയന്നു വന്നപോൽ'-

ഇവിടെ കഷ്ടകാലം കഴിഞ്ഞു എന്ന് നളിനി സൂചിപ്പിക്കുന്ന സംഭവമെന്ത്?

എ) നളിനിക്ക് വർഷങ്ങൾക്കുശേഷം ദിവാകരനെ കാണാനായത്.

ബി) ദിവാകരൻ നളിനിയെ തിരിച്ചറിഞ്ഞത്.

സി) ദിവാകരനെ കാണാത്തതിലുള്ള വിഷമം കാരണം നടത്തിയ ആത്മഹത്യാശ്രമത്തിൽ നിന്നും രക്ഷപെട്ടത്.

ഡി) നളിനിയും ദിവാകരനും ബാല്യകാല സുഹൃത്തുക്കളായിരുന്നത്.

2. 'പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം' – ഇവിടെ 'പനിനീർസുമോപമം' എന്ന പ്രയോഗത്തിൽ സൂചിതമാകുന്നത് –

എ) നളിനി

ബി) ദിവാകരൻ

സി) സൂര്യൻ

ഡി) പനിനീർപൂവ്.

3. 'സുഖോദയം' ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ?

എ) സുഖം + ഉദയം

ബി) സുഖോ + ഉദയം

സി) സുഖ + ഓദയം

ഡി) സുഖ + ഉദയം

## II. രണ്ടോ മൂന്നോ വാക്യത്തിലുത്തരമെഴുതുക, (ഓരോന്നിനും 2 മാർക്ക് വീതം)

1. "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീവടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ–
ണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ." – ഈ വരികളിലെ കാവ്യപരമായ രണ്ട് പ്രത്യേകതകൾ എഴുതുക.

- ഓരോ വരിയിലേയും രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നു.
- പ്രാസഭംഗിയുണ്ട്.
- ആശയം പ്രതിഫലിപ്പിക്കാൻ അനുയോജ്യമായ വരികൾ.

2. ധന്യയായ് സപദികാൺകമൂലമ–
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും' – ഈ വരികളിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ വ്യക്തമാക്കുക.

- നളിനിയുടെ സ്നേഹതീവ്രത.
- ദിവാകരൻ തന്നെ ഓർത്താലും ഇല്ലെങ്കിലും തനിക്ക് ദിവാകരനോടുള്ള സ്നേഹത്തിന് ഒരു കുറവുമുണ്ടാവില്ലെന്ന ഉറപ്പ്.
- നളിനിക്ക് ദിവാകരനോടുള്ള അനശ്വരസ്നേഹം.

## III. അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.(ഓരോന്നിനും 1 മാർക്കു വീതം)

1. 'ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം' – ഈ വരികളിലെ കാവ്യഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- വർഷങ്ങൾക്ക് ശേഷം ദിവാകരനെ കണ്ടുമുട്ടിയ നായികയായ നളിനിയുടെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കുന്ന പ്രയോഗഭംഗികൾ.
- അലങ്കാരഭാഷ – വാങ്മയചിത്രം.
- കണ്ണീരണിഞ്ഞ് ചുവന്നു തുടുത്ത നളിനിയുടെ മുഖത്തെ, പ്രഭാതത്തിൽ മഞ്ഞുതുള്ളികൾ വീണു കുതിർന്ന പനിനീർ പൂവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
- സൂര്യനെപ്പോലെ ശോഭിക്കുന്ന ദിവാകരൻ.

- താമരപ്പൂപോലെ വിശുദ്ധയായ നളിനി.
- രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നതിലൂടെ ദ്വിതീയാക്ഷരപ്രാസഭംഗി.

2. 'പ്രിയദർശനം' എന്ന ശീർഷകത്തിന്റെ ഔചിത്യം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.
   - നളിനിയ്ക്ക് ഏറെ പ്രിയപ്പെട്ടവനാണ് ദിവാകരൻ.
   - കുട്ടിക്കാലം മുതൽ അവൾക്ക് പ്രിയപ്പെട്ടവനാണ്.
   - ദിവാകരന് അവളോട് പ്രിയമുണ്ടെങ്കിലും ഇല്ലെങ്കിലും നളിനിയ്ക്ക് ദിവാകരനെ മരണം വരെയും പ്രിയങ്കരനായിരിക്കും.
   - തനിക്ക് ഏറെ പ്രിയപ്പെട്ട ദിവാകരനെ ഏറെ വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുന്നതാണ് പാഠസന്ദർഭം.

## IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 മാർക്ക്)

1. 'അന്യജീവനുതകി സ്വജീവിതം
   ധന്യമാക്കുമമലേ വിവേകികൾ' – കുമാരനാശാൻ.

   'അവനവനാത്മസുഖത്തിനാചരിക്കുന്നവ-
   യപരന്നു സുഖത്തിനായി വരേണം' – ശ്രീനാരായണഗുരു.

   ഈ വരികളിലെ ആശയം ഉൾക്കൊണ്ട് 'മഹത്തായ മനുഷ്യജീവിതം' – എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

   - സൂര്യൻ സ്വയം ജ്വലിച്ച് ലോകത്തിന് വെളിച്ചം പകരുന്നു.
   - അതുപോലെയാവണം മനുഷ്യജന്മവും.
   - നിസ്വാർഥ സ്നേഹമാണ് ഒരാളെ യഥാർത്ഥമനുഷ്യനാക്കി മാറ്റുന്നത്.
   - ഒരുവന്റെ പ്രവർത്തി മറ്റുള്ളവർക്ക് ആശ്വാസമാകണം. അപ്പോഴാണ് അയാൾക്ക് മാനസിക സംതൃപ്തിയുണ്ടാകുന്നത്.
   - ലോകത്തിന് സുഖം പകരുന്ന നല്ല പ്രവൃത്തികൾ ചെയ്യുമ്പോഴാണ് ജീവിതം മഹത്തരമാകുന്നത്. അവരെയാണ് ലോകം മഹാന്മാരെന്ന് വിശേഷിപ്പിക്കുന്നത്.




# 3. കടൽത്തീരത്ത്

ഒ.വി.വിജയൻ




മലയാളത്തിന്റെ മഹാനായ എഴുത്തുകാരനാണ് ഒ.വി.വിജയൻ. അദ്ദേഹത്തിന്റെ അതിപ്രസിദ്ധമായ ചെറുകഥയാണ് 'കടൽത്തീരത്ത്' ഭാവതീവ്രമായ ആഖ്യാനശൈലിയാണ് ഈ കഥയുടെ പ്രത്യേകത. കണ്ടുണ്ണി, വെള്ളായിയപ്പൻ, കോടച്ചി എന്നിവരാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ.

**കഥാസൂചനകൾ**

പാഴുതറ എന്ന പാലക്കാടൻ ഗ്രാമത്തിലെ ദരിദ്രനും നിരക്ഷരനുമായ പിതാവാണ് വെള്ളായിയപ്പൻ. ഭാര്യ കോടച്ചി. ഏകമകൻ കണ്ടുണ്ണി ഏതോ കുറ്റത്തിന് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് കണ്ണൂർ സെൻട്രൽ ജയിലിൽ കിടക്കുകയാണ്. വധിക്കപ്പെടുന്നതിന് മുൻപ് മകനെ കാണാൻ ഭാര്യ കോടച്ചി പൊതിഞ്ഞ് കൊടുത്ത കണ്ണീരിൽ കുതിർന്ന പൊതിച്ചോറുമായി വെള്ളായിയപ്പൻ പാഴുതറയിൽ നിന്നും യാത്ര തുടങ്ങുന്നിടത്ത് നിന്നാണ് കഥ ആരംഭിക്കുന്നത്. ഗ്രാമവാസികളുടെ മുഴുവൻ ദുഃഖവും ഏറ്റുവാങ്ങിക്കൊണ്ടാണ് ആ പിതാവ് വയൽ വരമ്പുകളിലൂടെ തോടുകൾ കടന്ന് റെയിൽവേസ്റ്റേഷനിലെത്തിയത്. ലോകപരിചയമില്ലാത്ത ആ പാവം മനുഷ്യൻ നിസ്സഹായനായി റെയിൽവേ പ്ലാറ്റ്ഫോമിൽ അപരിചിതരുടെ കാരുണ്യമില്ലാത്ത നോട്ടങ്ങൾ കൊണ്ട് വീർപ്പുമുട്ടിക്കുന്ന ലോകത്തിരുന്നു. അവസാനം ട്രെയിനിൽ കയറി കണ്ണൂർ സ്റ്റേഷനിലിറങ്ങി. വഴിയറിയാതെ വിഷമിച്ചു. റിക്ഷാക്കാർ 'കാരണവരേ, കട്ടാൽമതി ജയിലിലെത്താം' എന്നു പരിഹസിച്ചുകൊണ്ട് സെൻട്രൽ ജയിലിലേക്കുള്ള വഴി പറഞ്ഞുകൊടുത്തു. പ്രഭാതം പൊട്ടിവിടർന്നപ്പോൾ ജയിലിലെത്തി. മകനെ കണ്ടു അപ്പനും മകനും പരസ്പരം സംസാരിച്ചു. മൗനത്തിന്റെ ഭാഷയിൽ. സന്ദർശന സമയം അവസാനിച്ചു. അടുത്ത പ്രഭാതത്തിൽ വധശിക്ഷ നടക്കുന്നതുവരെ മകൻ ജയിലറയ്ക്കുള്ളിലും പിതാവ് പുറത്തും ഉണ്ണാതെ ഉറങ്ങാതെ കഴിഞ്ഞു. അവസാനം അത് സംഭവിച്ചു. വധശിക്ഷ കഴിഞ്ഞു. മകന്റെ ശരീരം ഏറ്റുവാങ്ങി സംസ്കരിക്കാൻ അപ്പന്റെ കയ്യിൽ പണമില്ല. അധികാരികൾ ശവം കുഴിച്ചിട്ടു. അപ്പൻ കണ്ണീർ കൊണ്ട് ഉദകക്രിയ നടത്തി. വെള്ളായിയപ്പൻ പൊതിച്ചോറുമായി കടൽത്തീരത്തേക്ക് നടന്നു. പൊതിയഴിച്ചു. ബലിക്കാക്കകൾ പറന്നിറങ്ങി പൊതിച്ചോറ് ബലിച്ചോറായി.

നിഷ്കളങ്കരും നിരാലംബരുമായ മനുഷ്യരുടെ ദുഃഖസാന്ദ്രമായ ജീവിതാവസ്ഥയാണ് ഈ കഥയിൽ വികാരതീഷ്ണമായി വരച്ചുകാട്ടിയിരിക്കുന്നത്.

**ചോദ്യമാതൃകകൾ**

**I. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)**

1. "വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്" – ഇതിൽ ധ്വനിക്കുന്നത്.

   എ) കടം വാങ്ങിയാൽ തിരികെകൊടുക്കേണ്ടതില്ല.

   ബി) കടം വീട്ടിയില്ലെങ്കിൽ ദൈവം കോപിക്കും.

   സി) എത്രയും വേഗം തിരികെ കൊടുക്കണമെന്ന് വിചാരിച്ചാണ് ഒരാൾ കടം വാങ്ങുന്നത്.

   ഡി) കടം തിരികെകൊടുക്കാൻ മാർഗമില്ലാത്തതിനാൽ വിഷമിക്കുന്ന കടക്കാരനോട് ദൈവം പൊറുക്കും.

2. 'തന്റെ ചെറുവിരൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി വെള്ളായിയപ്പൻ അത്ഭുതപ്പെട്ടു.' – ഇവിടെ 'അസ്തമയത്തിന്റെ പക്ഷികൾ' എന്ന പ്രയോഗം ധ്വനിപ്പിക്കുന്നതെന്ത്?

   എ) മകന്റെ മരണം

   ബി) അസ്തമയത്തിന്റെ സൗന്ദര്യം

   സി) അസ്തമയത്തിൽ സന്തോഷിക്കുന്ന പ്രകൃതി.

   ഡി) കൂടണയുന്ന പക്ഷികൾ.

**III. രണ്ടോ മൂന്നോ വാക്യത്തിലുത്തരമെഴുതുക. (ഓരോന്നിനും 2 മാർക്കു വീതം)**

1. 'അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും വരിഞ്ഞു മുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി' – ഈ വാക്യം നൽകുന്ന രണ്ട് അർത്ഥ സൂചകങ്ങളെഴുതുക.
   - തന്റെ ദുഃഖം മനസ്സിലാകാത്ത അപരിചിതരുടെ വാക്കുകൾ വെള്ളായിയപ്പനെ കൂടുതൽ വേദനിപ്പിച്ചു.
   - മകനെ കഴുത്തിൽ ചരടിട്ട് തൂക്കിക്കൊല്ലാൻ പോകുന്നതോർത്തപ്പോഴുണ്ടായ തീവ്രവേദന.

2. "പുഴകടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു." – വെള്ളായിയപ്പനെ കരയിച്ച ഓർമ്മകളെന്തൊക്കെ?
   - അച്ഛന്റെ ശവം പുഴവെള്ളത്തിൽ കുളിപ്പിച്ച ഓർമ്മ.
   - മകനെ കുട്ടിക്കാലത്ത് പുഴയിൽ കുളിപ്പിച്ച ഓർമ്മ.

3. "ഒരു <u>പേറ്റിച്ചിയെപ്പോലെ</u> തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി." അടിവരയിട്ടിരിക്കുന്ന പദം കഥാസന്ദർഭത്തിനു നൽകുന്ന ആശയം വ്യക്തമാക്കുക.
   - ജീവനുള്ള കുഞ്ഞിനെയാണ് സാധാരാണയായി പേറ്റിച്ചി പിതാവിന് കൈമാറുന്നത്.
   - വളരെ വാത്സല്യത്തോടും ശ്രദ്ധയോടും കൂടിയാണ് കുഞ്ഞിനെ ഏറ്റുവാങ്ങുന്നത്.
   - വെള്ളായിയപ്പനാകട്ടെ മരിച്ച കുഞ്ഞിനെയാണ് ഏറ്റുവാങ്ങേണ്ടിവരുന്നത്. അപ്പോഴും മകനോടുള്ള അഗാധമായ സ്നേഹവും വാത്സല്യവും ഈ വാക്കുകളിൽ പ്രതിഫലിക്കുന്നു.

4. 'തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി'– പൊതിച്ചോറിന് കഥയിലുള്ള സ്ഥാനമെന്ത്?
   - മകനെ കാണാനുള്ള നീണ്ടയാത്രയ്ക്കിടയിൽ വെള്ളായിയപ്പന് ഭക്ഷിക്കാൻ ഭാര്യ കോടച്ചി കണ്ണീരിൽ ചാലിച്ച് പൊതിഞ്ഞ് കൊടുത്തത്.
   - മകന്റെ മരണാനന്തരം പൊതിച്ചോറ് ബലിക്കാക്കകൾക്ക് കൊടുത്തു.
   - പൊതിച്ചോറ് മകന്റെ ബലിച്ചോറായി.

**III. അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനും 4 സ്കോർ വീതം)**

1. "വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞുവിളിച്ചു. "മകനേ!"

കണ്ടുണ്ണി മറുവിളിവിളിച്ചു "അപ്പാ!" -

വൈകാരികത മുറ്റിനിൽക്കുന്ന സന്ദർഭങ്ങളെ ഭാവസാന്ദ്രമായി ചുരുക്കം വാക്കുകളിലൂടെ അവതരിപ്പിക്കുന്ന കഥാകാരനാണ് ഒ.വി.വിജയൻ. കഥയുടെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് 'കടൽത്തീരത്ത്' എന്ന കഥയുടെ രചനാശൈലിയെപ്പറ്റി ലഘുകുറിപ്പ് എഴുതുക.

- വൈകാരികത തുളുമ്പുന്ന ഭാവതീക്ഷ്ണമായ ഭാഷ.
- കഥാപാത്രങ്ങളുടെ ഹൃദയം പൊട്ടുന്ന വേദനകളെ ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുന്നു.
- വെള്ളായിയപ്പൻ കുട്ട്യസ്സൻ മാപ്പിളയെ കണ്ടുമുട്ടുന്ന രംഗം.
- നീലിമണ്ണാത്തിയെ കാണുന്ന രംഗം.
- യാത്രാമധ്യേ പുഴവെള്ളത്തിലിറങ്ങുന്ന സന്ദർഭം.
- ജയിലിൽ അച്ഛനും മകനും സംഗമിക്കുന്ന രംഗം.
- നിസഹായരുടെ നിലവിളി മൗനത്തിന്റെ ഭാഷയിൽ അവതരിപ്പിക്കുന്നു.
- കാവ്യാത്മകമായ ഗദ്യഭാഷ.

2. "പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ."

"കാരണവരേ കട്ടാൽമതി, ജയിലിലെത്തിച്ചേരാം."- ഗ്രാമീണ മനുഷ്യരുടെ സ്നേഹവും നാഗരികമനുഷ്യരുടെ സ്നേഹമില്ലായ്മയും വ്യക്തമാക്കുന്നത് 'കടൽത്തീരത്ത്' എന്ന കഥയിലെ ഈ സംഭാഷണങ്ങളാണ്? കഥ വിശകലനം ചെയ്ത് സ്വാഭിപ്രായം സമർത്ഥിക്കുക.

- കുട്ട്യസ്സൻ മാപ്പിളയുടെയും നീലിമണ്ണാത്തിയുടെയും വെള്ളായിയപ്പനോടുള്ള സമീപനം ഗ്രാമീണ മനുഷ്യരുടെ നന്മ പ്രതിഫലിപ്പിക്കുന്നു.
- മറ്റുള്ളവരുടെ ദുഃഖം സ്വന്തം ദുഃഖമായി കാണുന്നു.
- ദീനാനുകമ്പ, സഹാനുഭൂതി തുടങ്ങിയ മനുഷ്യനന്മകൾ പ്രകടിപ്പിക്കുന്നു.
- തന്റെ ഗ്രാമം കടന്നപ്പോൾ വെള്ളായിയപ്പൻ വല്ലാതെ വേദനിക്കുന്നു.
- സ്വന്തം ദുഃഖത്തെ മനസ്സിലാക്കാനോ സഹായിക്കാനോ ആരും തയ്യാറാകുന്നില്ല.
- അവരുടെ സംസാരം കൊലക്കയർ പോലെ വെള്ളായിയപ്പനെ വേദനിപ്പിക്കുന്നു.
- ജയിലിലേക്കുള്ള വഴി ചോദിച്ചപ്പോൾ യാതൊരു ദയയുമില്ലാതെ പരിഹസിക്കുന്നു.
- മറ്റുള്ളവരെ മനസ്സിലാക്കാനോ സഹായിക്കാനോ തയ്യാറാവാതെ തങ്ങൾ വലിയവരാണെന്ന ഭാവം വച്ചു പുലർത്തുന്നു.

**IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനും 6 മാർക്ക് വീതം)**

1. "ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റുപിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി."

"അപരിചിതരുടെ സ്വരം വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി." - കടൽത്തീരത്ത് എന്ന കഥയിലെ വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ ജീവിതാവസ്ഥകളുടെ അടിസ്ഥാനത്തിൽ കഥാപാത്ര നിരൂപണം തയ്യാറാക്കുക.

- ഗ്രാമത്തിന്റെ എല്ലാ നന്മകളുമുള്ളയാൾ
- നിരക്ഷരൻ, നിഷ്കളങ്കൻ

- സ്വന്തം ഗ്രാമത്തിലെ എല്ലാപേർക്കും വേണ്ടപ്പെട്ടവൻ
- നഗരത്തിലെ കാപട്യങ്ങൾ മനസ്സിലാക്കാനാകാതെ വിഷമിക്കുന്നു.
- നിസ്സഹായനായ പിതാവ്.
- മകനോടുള്ള ആത്മബന്ധം
- കഥയിലെ മറ്റെല്ലാ കഥാപാത്രങ്ങളോടുമുള്ള വിശുദ്ധസ്നേഹം.
- കടുത്ത ദാരിദ്ര്യം.
- മകന്റെ ശവസംസ്കാരത്തിനുപോലും പണമില്ലാത്ത നിസഹായൻ.

2. 'ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന.'

'കടൽത്തീരത്ത്' എന്ന കഥയുടെ പ്രത്യേകതകൾ ഉൾപ്പെടുത്തി ആസ്വാദനം തയ്യാറാക്കുക.

- കഥാപാത്ര സൃഷ്ടി
- രചനാതന്ത്രം
- ആഖ്യാനശൈലി
- കഥയുടെ പ്രമേയം
- ആശയം



യൂണിറ്റ് 3

# കേരളപാഠാവലി

## സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

**പ്രവേശകം**

ജർമ്മൻ കവിയായ ഗോയ്ഥേയുടെ കവിത.

കല, ശാശ്വതവും നിരന്തരമായ സർഗാത്മക പരിശ്രമത്തിലൂടെ നേടാനാകുന്നതുമാണ്. എന്നാൽ മനുഷ്യജീവിതം വളരെ ഹ്രസ്വമാണ്. ഈ ഹ്രസ്വമായ മനുഷ്യജീവിതം തന്നെയാണ് എല്ലാ കലകൾക്കും അടിസ്ഥാനവും.

# 1. പ്രലോഭനം

ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ രണ്ടാം ദിവസത്തിലെ മൂന്നാം രംഗമാണ് 'പ്രലോഭനം'. ജീവിതപരിണാമത്തെ നാടകീയമായി ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു. ദമയന്തിയുടെ സ്വയംവരം കഴിഞ്ഞതറിഞ്ഞ് കോപാകുലനായ കലി ദ്വാപരനോടൊപ്പം ഭൂമിയിലെത്തി പുഷ്കരനെ പ്രലോഭിപ്പിക്കുന്നതാണ് സന്ദർഭം.



**പ്രവർത്തനം 1**

പട്ടിക പൂർത്തിയാക്കുക.

പുനരാര് - പുന: + ആര്

അറികയില്ല - അറിക + ഇല്ല

നമുക്കില്ല -

നിന്നതാര് -

ധരണിയിൽ -

നിന്നോടെടോ -

ചൂതിനായെന്നെ -

**പ്രവർത്തനം 2**

ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

1. 'ജളൻ' എന്നു വിശേഷിപ്പിച്ചത് ആരെയാണ്?

എ. കലി

ബി. നളൻ

സി. പുഷ്കരൻ

2. കോപമത്സരം – ശരിയായ വിഗ്രഹരൂപം ഏത്?

   എ. കോപത്തിന്റെ മത്സരം

   ബി. കോപവും മത്സരവും

   സി. കോപമാകുന്ന മത്സരം

3. 'നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും' – ഈ വരികളിൽ പ്രതിഫലിക്കുന്ന ഭാവം?

   എ. പരിഹാസം

   ബി. ദേഷ്യം

   സി. നിരാശ

4. "ദുഷ്ക്കരമായിട്ടൊന്നുമില്ല കേൾ
   മത്സഹായമുണ്ടായാലേവനും" – ആരുടെ സഹായം?

   എ. കലി

   ബി. പുഷ്കരൻ

   സി. നളൻ

ഉത്തരങ്ങൾ :

1. പുഷ്കരൻ
2. കോപവും മത്സരവും
3. നിരാശ
4. കലി

**പ്രവർത്തനം 3**

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (സ്കോർ 2)**

"പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു"

"പുഷ്ക്കരാ, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ"

രണ്ട് സന്ദർഭങ്ങളിലും പഴുതേ എന്ന പദം സൂചിപ്പിക്കുന്ന അർത്ഥവ്യത്യാസം കണ്ടെത്തിയെഴുതുക.

**സൂചനകൾ**

- പഴുതേ  പ്രയോജനരഹിതം (ഉപയോഗമില്ലാത്ത പ്രവൃത്തി)
- പഴുതേ  നിഷ്ഫലം (കർമ്മം ചെയ്യാതിരിക്കുന്നവന് ജന്മസാഫല്യം നേടാനാവില്ല)

**പ്രവർത്തനം 4**

**അരപ്പേജിൽ ഉത്തരമെഴുതുക.**

പ്രലോഭനം എന്ന ശീർഷകം ഈ ആട്ടക്കഥാഭാഗത്തിന് എത്രത്തോളം യോജിക്കുന്നുവെന്ന് വിലയിരുത്തി കുറിപ്പ് തയാറാക്കുക

**സൂചനകൾ**

- തെറ്റായ ചിന്തകളുള്ളവർ പ്രലോഭനത്തിന് പെട്ടെന്ന് വിധേയരാവും. പുഷ്കരന്റെ തെറ്റായ ചിന്തകൾ കലി മുതലെടുക്കുന്നു.
- പ്രലോഭനത്തിന് വിധേയരാവുന്നവർക്ക് സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയാതെ വരും.

- പ്രലോഭനങ്ങൾ കുടുംബബന്ധത്തിലും സമൂഹത്തിലും ദോഷം ഉണ്ടാക്കുന്നു.

**പ്രവർത്തനം 5**

"പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു

നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ

നമ്മെക്കൊണ്ടുപകാരം നിങ്ങൾക്കെന്തോന്നു വേണ്ടൂ...."

പുഷ്കരന്റെ മാനസികാവസ്ഥ ചുരുക്കം വാക്കുകളിലൂടെ പ്രതിഫലിപ്പിക്കുന്നതിന് ഉണ്ണായിവാര്യർക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സൂചനകൾ**

- നളന്റെ കീർത്തി വർദ്ധിച്ചുവരുന്നതിലുള്ള അസൂയ.
- തന്നെ ജനങ്ങൾ അവഗണിക്കുന്നുവെന്ന തോന്നൽ.
- തന്റെ സങ്കടങ്ങൾ മറ്റാരും മനസിലാക്കാൻ ശ്രമിക്കാത്തതിലുള്ള അമർഷം.
- ക്ഷത്രിയനായിട്ടും രാജ്യഭരണം കിട്ടാത്തതിലെ നിരാശ.

**പ്രവർത്തനം 6**

**ഒരു പേജിൽ ഉത്തരമെഴുതുക.**

"നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം

പാരിലെന്നെയിന്നാരറിയാതവർ"

കലി എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിശകലനംചെയ്ത് കുറിപ്പ് തയാറാക്കുക.

**സൂചനകൾ**

- സ്വന്തം താല്പര്യങ്ങൾ സാധിച്ചുകിട്ടാൻ ആരോടും സൗഹൃദം നടിക്കും.
- അതിരുകവിഞ്ഞ ആത്മവിശ്വാസമുണ്ട്.
- കാര്യസാധ്യത്തിനായി തെറ്റായ വഴികൾ സ്വീകരിക്കാൻ മടിക്കുന്നില്ല.
- മറ്റുള്ളവരുടെ ദൗർബല്യങ്ങൾ ചൂഷണം ചെയ്യുന്നു.
- തന്റെ പിടിവാശികൊണ്ട് മറ്റുള്ളവർക്കുണ്ടാവുന്ന വിഷമതകളെക്കുറിച്ച് ചിന്തിക്കുന്നില്ല.
- സമൂഹതിന്മയ്ക്ക് കാരണമാകുന്ന തെറ്റായ ചിന്തകളുടെ ആൾരൂപമാണ് കലി.
- കലി എല്ലാമനുഷ്യരിലും കുടികൊള്ളുന്ന ഒരു സ്വഭാവമാണ്.

യൂണിറ്റ് 3

# കേരളപാഠാവലി



## 2. യുദ്ധത്തിന്റെ പരിണാമം



മലയാള നിരൂപണ സാഹിത്യത്തിന്റെ കുലപതിയാണ് കുട്ടികൃഷ്ണമാരാര് . അദ്ദേഹത്തിന്റെ പ്രസിദ്ധ നിരൂപണ ഗ്രന്ഥമാണ് 'ഭാരതപര്യടനം'. ഭാരതത്തിന്റെ ഇതിഹാസ ഗ്രന്ഥമാണ് വ്യാസൻ രചിച്ച മഹാഭാരതം. അതിലെ കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും സ്വതന്ത്രമായി വ്യാഖ്യാനിക്കുകയാണ് ഭാരതപര്യടനത്തിൽ. അതിലെ ഒരു ഭാഗമാണ് യുദ്ധത്തിന്റെ പരിണാമം. കുരുക്ഷേത്ര യുദ്ധാനന്തരം നടന്ന ഭീകരതകളാണ് പാഠഭാഗത്ത് വിശദമാക്കുന്നത്. കൗരവപ്പടയ്ക്ക് നേതൃത്വം കൊടുത്ത ദുര്യോധനനിലെ സ്വപ്രത്യയസ്ഥൈര്യം, സഹോദരീസ്നേഹം, ഭരണപാടവം, അഭിമാനബോധം ഇത്യാദിഗുണങ്ങൾ പാഠഭാഗത്ത് വിവരിക്കുന്നു. ദ്രോണാചാര്യ പുത്രനായ അശ്വത്ഥാമാവിന്റെ ഒടുങ്ങാത്ത പകയും അതുണ്ടാക്കിയ ദുരന്തങ്ങളും വിശദമാക്കുന്നു.

**ആശയങ്ങൾ**

- മനുഷ്യൻ നിർമ്മിക്കുന്ന നരകമാണ് യുദ്ധക്കളം.
- യുദ്ധം ഒരു പ്രശ്നവും പരിഹരിക്കുന്നില്ല.
- യുദ്ധം പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കും.
- യുദ്ധത്തിന്റെ ഇരകൾ സ്ത്രീകളും കുട്ടികളുമാണ്. അവരെ അനാഥരാക്കുന്നതാണ് എല്ലാ യുദ്ധങ്ങളും.
- യുദ്ധത്തിൽ എല്ലാ പേരും തോൽക്കുന്നു. ജയിച്ചവർ പോലും.
- യുദ്ധത്തിൽ ധാർമികതയില്ല. അധാർമികത മാത്രം.
- യുദ്ധം തലമുറകളെ നശിപ്പിക്കും. അതിനാൽ സന്ധി സംഭാഷണങ്ങളിലൂടെയും സമാധാന മാർഗങ്ങളിലൂടെയും യുദ്ധം ഒഴിവാക്കുക.

**ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.**

1. അതിനെ, അവനെ, എപ്പോഴും കരുതിയിരിക്കുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിനർഥം' ഇവിടെ കരുതിയിരിക്കുക എന്ന് പറയുന്നതെന്തിനെയാണ് ?

   (സങ്കടത്തെ, പകയെ, നിരാശയെ, അഹങ്കാരത്തെ)

2. ഗുരുഘാതകിക്ക് കുലപാംസന ലോകങ്ങളില്ല. ഗുരുഘാതകി ആരാണ് ?

   (അശ്വത്ഥാമാവ് , ദ്രോണാചാര്യർ, ധൃഷ്ടദ്യുമ്നൻ, കൃപാചാര്യർ)

3. 'പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ; അതിന്റെ പ്രതിനിധിയല്ലാതെ മറ്റാരുമല്ല ഈ ചെകുത്താൻ' ഇവിടെ ചെകുത്താൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെ?

(ധൃതരാഷ്ട്രർ, ദുര്യോധനൻ, കൃതവർമാവ്, അശ്വത്ഥാമാവ്)

4. ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണ് ഈ പ്രസ്താവനയുടെ പൊരുൾ

(ഭാരതകഥ യുദ്ധത്തിന്റേതാണ്, ഭാരതകഥയ്ക്ക് ഇന്ന് പ്രസക്തിയില്ല, ഭാരതകഥയിൽ പറയുന്ന മനുഷ്യ സ്വഭാവങ്ങൾ ഇന്നും കാണാൻ സാധിക്കുന്നു, ഭാരതകഥയിലെ കഥാപാത്രങ്ങളെല്ലാം ചിരഞ്ജീവികളാണ്)

**രണ്ടോ മൂന്നോ വാക്യത്തിലുത്തരമെഴുതുക.**

1. ശപിക്കപ്പെട്ടവൻ എന്ന വാക്ക് മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ അത് അശ്വത്ഥാമാവിനെപ്പറ്റിയാണ്. അയാൾ നമ്മുടെ ചിരഞ്ജീവികളിൽ പ്രധാനിയാണ്. അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കാണുന്നതിന് കാരണം?

- ♦ പകയുടെ പ്രതീകമായി എല്ലാക്കാലത്തും മനുഷ്യ മനസ്സുകളിലയാളുണ്ട്
- ♦ പക എന്ന മനുഷ്യഭാവത്തിന് മരണമില്ല

2. 'വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യയ്ക്ക് ജയാഘോഷത്തോടെ കൂടാരങ്ങളിലേക്ക് തിരിച്ചു' ഇവിടെ 'വല്ലപാടും നേടിയ വിജയം' എന്നു പറയാൻ കാരണം?

- ♦ ധർമ്മയുദ്ധ വ്യവസ്ഥകളെല്ലാം തെറ്റിച്ചു
- ♦ അധർമമാർഗങ്ങളിലൂടെയാണ് പാണ്ഡവർ കൗരവരെ തോല്പിച്ചത്

**അരപ്പുറത്തിൽ ഉത്തരമെഴുതുക.**

1. 'ഞാൻ എനിക്കു വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്. എന്റെ സഹോദരി ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ട് കരഞ്ഞു കരഞ്ഞ് എന്താവുമോ ആവോ' ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ വിശിഷ്ട സ്വഭാവം വിലയിരുത്തി കുറിപ്പ് തയാറാക്കുക?

- ♦ അഭിമാനബോധം
- ♦ സ്വപ്രത്യയസ്ഥൈര്യം
- ♦ ആശ്രിതവത്സലൻ
- ♦ പോരാട്ടവീര്യം

2. 'വിഷത്തേക്കാൾ വർജ്യമാകും നരചിത്തം ദുഷിക്കുകിൽ ' അശ്വത്ഥാമാവ് എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?

- ♦ വിഷം മനുഷ്യരെ കൊല്ലും
- ♦ പക, കോപം, ചതി, തിന്മ, അത്യാഗ്രഹം എന്നിവ മനുഷ്യമനസ്സിനെ ദുഷിപ്പിക്കുന്നു.
- ♦ ദുഷിച്ച മനസ്സിന്റെ ഉടമ പിശാചിനെപ്പോലെ പ്രവർത്തിക്കും
- ♦ ദുഷിച്ച മനസ്സ് രാജ്യത്തെയും മനുഷ്യകുലത്തെയും ഒന്നാകെ നശിപ്പിക്കും

**ഒരു പുറത്തിൽ ഉത്തരമെഴുതുക.**

'പാശ്ചാത്യസാഹിത്യത്തിലെ എപ്പിക്കുകളെപ്പോലെ ചില യുദ്ധവീരന്മാരുടെ പരാക്രമം വർണിപ്പാൻ വേണ്ടിയല്ല; നേരെ മറിച്ച് മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്ത് കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തു പറയാൻ സംശയിക്കേണ്ടതില്ല' യുദ്ധത്തിന്റെ പരിണാമം എന്ന പാഠഭാഗം നൽകുന്ന സന്ദേശവും സമകാല ലോകസംഭവങ്ങളും ഉൾക്കൊണ്ട് 'യുദ്ധം സർവനാശം' എന്ന വിഷയത്തിൽ പ്രസംഗം തയാറാക്കുക.

- യുദ്ധം ഒരു പ്രശ്നവും പരിഹരിക്കില്ല.
- പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും.
- തലമുറകളുടെ ജീവിതം നരകതുല്യമാക്കും.
- ഭൂമിയും പ്രകൃതിയും ഒട്ടാകെ നശിക്കുന്ന ഭീകരദുരന്തം




# 3. ആത്മാവിന്റെ വെളിപാടുകൾ

വിശ്വപ്രസിദ്ധ റഷ്യൻ നോവലിസ്റ്റാണ് ദസ്തയേവ്സ്കി. അദ്ദേഹത്തിന്റെ ജീവിതത്തെ ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ എഴുതിയ നോവലാണ് ഒരു സങ്കീർത്തനം പോലെ. അതിലെ പത്താം അധ്യായമാണ് 'ആത്മാവിന്റെ വെളിപാടുകൾ.'



**ആശയങ്ങൾ**

- ദൈവത്തിന്റെ കൈയൊപ്പ് പതിഞ്ഞിട്ടുള്ള മഹാപ്രതിഭയാണ് ദസ്തയേവ്സ്കി.
- അദ്ദേഹം അപസ്മാര രോഗിയായിരുന്നു. ചൂതുകളിയിൽ സദാതല്പരനും. ഇത് അദ്ദേഹത്തിന്റെ ജീവിതത്തെ താളം തെറ്റിക്കുകയും വൻകടക്കാരനാക്കുകയും ചെയ്തു.
- തന്റെ രചനകളും പുതിയ കൃതിയുടെ അവകാശവും പുസ്തകപ്രസാധകനായ സ്റ്റെല്ലോവ്സ്കിക്ക് വിറ്റു.
- കരാർ പ്രകാരം നിശ്ചിത സമയത്ത് പുതിയ നോവൽ പൂർത്തീകരിക്കാനും സാധിച്ചില്ല. അദ്ദേഹം ആത്മസംഘർഷത്തിലായി.
- നോവൽ രചനയുടെ സഹായത്തിനായി അന്ന എന്ന പെൺകുട്ടിയെ സ്റ്റെനോഗ്രാഫറായി ക്ഷണിച്ചു. ദസ്തയേവ്സ്കിയുടെ ആരാധകന്റെ മകളാണവൾ. നോവൽ രചനയ്ക്കായവൾ അയാളെ പ്രേരിപ്പിച്ചു.
- അവളുടെ സ്നേഹസാന്നിധ്യം നോവൽ രചന പൂർത്തീകരിക്കാൻ നോവലിസ്റ്റിനെ സഹായിച്ചു.
- ആത്മസംഘർഷങ്ങൾ നേരിടുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തിലേക്ക് ഒരു സങ്കീർത്തനം പോലെ അന്ന എന്ന പെൺകുട്ടി കടന്നുവരുന്ന രംഗമാണ് പാഠഭാഗം.

**ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (സ്കോർ 1 വീതം)**

1. ഇത് ആത്മാവിന്റെ വെളിപാടാണ്. ആത്മാവിന്റെ വെളിപാട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്:

   എ. നോവലെഴുത്ത്

   ബി. പുസ്തകപ്രസാധനം

   സി. ബന്ധങ്ങൾ സ്ഥാപിക്കൽ

2. നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. ആ ലക്ഷ്യത്തോടെ ദസ്തയേവ്സ്കി എഴുതിയ നോവലേത് ?

 എ. അധോതല ക്കുറിപ്പുകൾ

 ബി. ദ ഇഡിയറ്റ്

 സി. കുറ്റവും ശിക്ഷയും

3. ഉപദേശത്തിന്റെ കുറവു കൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്. ഈ പ്രസ്താവനയുടെ പൊരുളെന്ത്?

 എ. ഉപദേശം മനുഷ്യനെ നശിപ്പിക്കും.

 ബി. ഉപദേശിച്ചില്ലെങ്കിൽ മനുഷ്യൻ നന്നാവില്ല.

 സി. ഉപദേശം കൊണ്ടു മാത്രം ഒരാൾ നന്നാവണമെന്നില്ല.

**രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക.**

1. "വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ". ഈ പ്രയോഗത്തിൽ ധ്വനിക്കുന്ന ദസ്തയേവ്സ്കിയുടെ ഏതെങ്കിലും രണ്ട് ജീവിതാവസ്ഥകൾ എഴുതുക.

 **സൂചനകൾ**

 - ജീവിതത്തിലെ തോൽവികൾ
 - തിരസ്കരിക്കപ്പെട്ട ജീവിതം

2. 'എഴുത്ത് ആത്മാവിന്റെ വെളിപാടാണ്' ഈ പ്രയോഗത്തിന്റെ സവിശേഷാർത്ഥമെഴുതുക.

 **സൂചനകൾ**

 - തീരുമാനിച്ചുറപ്പിച്ച സമയത്തോ പരപ്രേരണയിലോ എഴുതാൻ സാധിക്കില്ല.
 - ഹൃദയത്തിന്റെ ആഴത്തിൽ നിന്നു വരുന്നതാണ് സാഹിത്യരചന.

**അരപ്പേജിൽ ഉത്തരമെഴുതുക.**

1. 'ആത്മസംഘർഷങ്ങൾ നേരിടുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തിൽ ഒരു സങ്കീർത്തനം പോലെ കടന്നുവന്നവളാണ് അന്ന' ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

 **സൂചനകൾ**

 - നോവലിസ്റ്റിന്റെ ആത്മസംഘർഷങ്ങളും അതിനുള്ള കാരണങ്ങളും അന്ന മനസിലാക്കുന്നു
 - ക്ഷമയോടും ഏറെ സ്നേഹത്തോടും അന്ന സംസാരിക്കുന്നു.
 - ദസ്തയേവ്സ്കി എഴുതാനുദ്ദേശിക്കുന്ന നോവലിനെപ്പറ്റി അന്നയോട് തുറന്നു പറയുന്നു.
 - എഴുത്തുകാരന്റെ മനസ്സ് വായിക്കാനും അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് കടക്കാനും അന്നയ്ക്ക് സാധിക്കുന്നു.
 - നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത് എന്ന വാക്കുകൾ

2. ദുരന്തങ്ങൾക്കിടയിലും ദസ്തയേവ്സ്കിയുടെ മനസ്സിലേയ്ക്ക് കടന്നുവരുന്ന ഹൃദ്യമായ ഓർമ്മകൾ എന്തെല്ലാം?

**ഒന്നര പേജിൽ ഉത്തരമെഴുതുക.**

1. "ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്".

 "ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു."

ഈ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ദസ്തയേവ്സ്കി അനുഭവിച്ച ജീവിതവ്യഥകളും അദ്ദേഹത്തിന്റെ ജീവിത ദർശനവും വ്യാഖ്യാനിക്കുക.

**സൂചനകൾ**

(ജീവിതാവസ്ഥ )

- ചുഴലി രോഗം
- ചൂതാട്ടക്കാരൻ
- കുടുംബ ഭാരം
- ചേട്ടന്റെ കടബാധ്യത
- ഭാര്യയുടെ മരണം
- പാഷയുടെ വഴി പിഴച്ച ജീവിതം
- കരകയറാൻ പറ്റാത്ത കടബാധ്യതകൾ

**(ജീവിതാദർശം)**

- ദുരന്തങ്ങൾ അനുഭവിക്കാത്ത ജീവിതം യഥാർത്ഥ ജീവിതമല്ല.
- എത്ര ദുരന്തങ്ങളുണ്ടായാലും ബന്ധങ്ങൾ വലിച്ചെറിയരുത്. കടമകൾ മറക്കരുത്.
- കുടുംബബന്ധങ്ങൾ സുദൃഢമായി നിലനിർത്തണം.
- പ്രതിസന്ധികളെ മനക്കരുത്ത് കൊണ്ട് അതിജീവിക്കണം.




**പ്രവേശകം**

- ചിലിയൻ കവി പാബ്ലോ നെരൂദയുടെ 'പൊയട്രി' എന്ന കവിതയിലെ വരികൾ.
- സർഗാത്മകതയ്ക്ക് നിരവധി പ്രചോദനങ്ങൾ ഉണ്ട്.
- പ്രത്യേക നിർവചനങ്ങൾ പറയാനാകില്ല.
- പ്രായം, സ്ഥലം, സമയം ഒന്നും തന്നെ കൃത്യമായി നിർവചിക്കാനാകില്ല.
- ജീവിതാനുഭവങ്ങളാണ് സാഹിത്യത്തിന്റെ ഏറ്റവും പ്രധാന അസംസ്കൃത വസ്തു.

# 1. അക്കർമാശി



- മറാത്തി എഴുത്തുകാരനായ ശരൺകുമാർ ലിംബാളയുടെ ആത്മകഥോപാഖ്യാനമാണ് അക്കർമാശി.
- ഉത്തരേന്ത്യയിലെ ജാതിമതവിവേചനങ്ങളെക്കുറിച്ചും അത് സൃഷ്ടിക്കുന്ന ദയനീയ ജീവിതസാഹചര്യങ്ങളെക്കുറിച്ചും വിശദമാക്കുന്നു.
- അക്കർമാശി (അർധജാതി)യായ് ജനിച്ച ശരൺ തന്റെ ജീവിതത്തിൽ അനുഭവിച്ച ഭയാനകമായ അനുഭവങ്ങളാണ് വിവരിക്കുന്നത്.
- അന്നന്നത്തെ ആഹാരത്തിനായി ശാന്താആത്യായോടൊപ്പം പഴം വില്ക്കാനും ചപ്പുചവറുകൾ പെറുക്കാനും ശരൺ പോകുമായിരുന്നു.
- ചപ്പുചവറുകൾക്കൊപ്പം തൂക്കി നോക്കേണ്ടത് തങ്ങളുടെ വിശപ്പാണെന്നും, ചവറിനോളം വിലപോലുമില്ല ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക് എന്നും ശരൺ വ്യക്തമാക്കുന്നു.
- ചപൾഗാവിലെ ബോർഡിംഗ് സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഒരിക്കൽ മുത്തശ്ശി ഹാനൂരിലെ ബസ് സ്റ്റാന്റിൽ ആരോ മറന്നിട്ട് പോയ ഒരു ജോഡി പൊട്ടിയ ചെരുപ്പുമായി വന്നു.
- വാറുപൊട്ടിയ ചെരുപ്പ് ചെരുപ്പുകുത്തി തുന്നിയില്ല. കാരണം സാന്താമായി ഒരു 'മഹാർ' ജാതിയാണെന്നറിഞ്ഞുകൊണ്ട്.
- പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ വഴിയിൽ നിന്ന് കിട്ടിയ മുപ്പതുരൂപ കൂട്ടുകാരനുമായി പങ്കിടാനോ ഏറെനൊളായി ആഗ്രഹിച്ചിരുന്ന സിനിമ കാണാനോ ഉപയോഗിച്ചില്ല.
- ആ മുപ്പതു രൂപ ഹെഡ്മാസ്റ്ററെ ഏല്പിച്ചു.
- ഹെഡ്മാസ്റ്റർ ഉച്ചഭാഷിണിയിലൂടെ ശരണിന്റെ സത്യസന്ധതയെ അഭിനന്ദിച്ചു.

- ക്ലാസ്ടീച്ചർ ഹീരെ മറ് ലിംബാളെയുടെ സത്യസന്ധത ക്ലാസ്സിന്റെ മുഴുവൻ വിജയമാണ് എന്നു പറഞ്ഞു.
- സത്യസന്ധത നൽകിയ ആനന്ദം മുപ്പത് രൂപയേക്കാൾ എത്രയോ വലുതാണ് എന്ന് ശരൺ ഓർമിക്കുന്നു.
- 'അക്കർമാശി' എന്നാൽ അർദ്ധജാതി എന്നർത്ഥം.

**ശരിയായ ഉത്തരം കണ്ടെത്തിയെഴുതുക.**

1. ഒരിക്കൽ സാന്താമായി വീട്ടിൽ നിന്ന് ചപൾഗാവ് വരെ കാൽനടയായി വന്നു കാരണം?

   എ) ദൂരം കുറവായിരുന്നു.

   ബി) നല്ല ആരോഗ്യമുണ്ടായിരുന്നു.

   സി) ബസ്കൂലി ഇല്ലായിരുന്നു.

   ഡി) വാഹനസൗകര്യം ഇല്ലായിരുന്നു.

2. ശരൺ കുട്ടിക്കാലത്ത് നിത്യസുഹൃത്തായി വിശേഷിപ്പിക്കുന്നതാരെയാണ്?

   എ) കുമാർ മാമ

   ബി) പിർജാദെ

   സി) സാന്താമായി

   ഡി) വിശപ്പ്

**രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക.**

1. 'ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വച്ച് തൂക്കിനോക്കണം.' ഈ വാക്യം നൽകുന്ന ശരണിന്റെ ജീവിതസാഹചര്യങ്ങൾ വ്യക്തമാക്കുക.
2. "അത് ഈ ക്ലാസ്സിന്റെ മുഴുവൻ വിജയമാണ്." ക്ലാസ് ടീച്ചർ ഇങ്ങനെ പറയാനുള്ള കാരണങ്ങൾ എന്തെല്ലാം?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. "എന്നാൽ സാന്താമായി ഒരു "മഹാർ" ആണെന്നു മനസ്സിലാക്കിയപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല." – മനുഷ്യത്വം നശിച്ച സമൂഹം അന്നും ഇന്നും എക്കാലത്തുമുണ്ട്. സന്ദർഭം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

   - നീചമായ ജാതിചിന്തകൾ ഇക്കാലത്തും ചിലയിടങ്ങളിൽ കാണാൻ കഴിയുന്നുണ്ട്.
   - ജാതിയുടെ പേരിൽ ശരൺ അനുഭവിച്ച കഷ്ടപ്പാടുകൾ.
   - ചെരുപ്പ് കിട്ടാനിടയായ സാഹചര്യം.
   - കുട്ടികളുടെ മനസ്സിലും ജാതിചിന്തകൾ കുത്തിവയ്ക്കുന്ന സമൂഹം.

2. "എന്റെ സത്യസന്ധത എനിക്കു നല്കിയ ആനന്ദം

   മുപ്പത് രൂപയേക്കാൾ എത്രയോ വലുതായിരുന്നു." – ശരൺ ഇങ്ങനെ ചിന്തിക്കാനിടയായ സാഹ

ചര്യം ജീവിതത്തിൽ എല്ലായ്പ്പോഴും പാലിക്കാനുമായി - വിശകലനക്കുറിപ്പ് തയ്യാറാക്കുക.

- സത്യസന്ധതയാണ് ഏറ്റവും സവിശേഷമായ ഗുണം.
- കളഞ്ഞുകിട്ടിയ മുപ്പത് രൂപ സഹപാഠിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഉപയോഗിച്ചില്ല.
- എത്ര ദാരിദ്ര്യാവസ്ഥയിലും അന്യരുടെ മുതൽ സ്വന്തമാക്കരുത് എന്ന നിശ്ചയം.

**ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

"ചവറുകൾക്ക് പകരം തൂക്കിനോക്കേണ്ടത് നമ്മുടെ വിശപ്പാണെന്നെനിയ്ക്ക് തോന്നി."

"അതിനാൽ ഞാനതു നന്നാക്കാതെ തന്നെ കാലിലിട്ടു."

"ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി. സാരമില്ല എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസ്സിന്റെ മുഴുവൻ വിജയമാണ്."

കഠിനവും വ്യത്യസ്തവുമായ ജീവിതസാഹചര്യങ്ങളാണ് ലിംബാളെയെ "അക്കർമാശി' എന്ന ആത്മകഥോപാഖ്യാനം എഴുതാനിടയാക്കിയത്. പാഠഭാഗം വിശകലനം ചെയ്ത് "ജാതീയ, ദാരിദ്ര്യ അസമത്വങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയ്യാറാക്കുക.

- അഭിസംബോധന.
- കഠിനമായ ജീവതസാഹചര്യങ്ങൾ.
- പഴക്കച്ചവടം, ആക്രിപെറുക്കൽ മുതലായ ജോലികൾ ലിംബാളെ ചെയ്യാനിടയായ സാഹ ചര്യം.
- "മഹാർ" എന്ന ജാതിയായതുകൊണ്ട് നേരിടേണ്ടിവന്ന അപമാനം.
- ദാരിദ്ര്യത്തിന്റെ തീവ്രത-പെൺകുട്ടികളുടെ ചെരുപ്പ് ഇടേണ്ടിവന്ന അവസ്ഥ.
- ആഗ്രഹങ്ങളൊരുപാടുണ്ടായിട്ടും കളഞ്ഞുകിട്ടിയ പണം ഹെഡ്മാസ്റ്ററെ ഏല്പിച്ച സത്യസ ന്ധത.
- സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ.
- ഉപസംഹാരം.

**പരിശീലനചോദ്യങ്ങൾ**

1. കൂട്ടുകാരനിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ശരൺകുമാർ ലിംബാളെ നമുക്ക് നല്കുന്ന സന്ദേശം എന്ത്?
2. കഠിനമായ ജീവിതദുരിതങ്ങളാണ് ലിംബാളെയെക്കൊണ്ട് 'അക്കർമാശി' എന്ന ആത്മകഥോപാഖ്യാനം എഴുതിച്ചത്. വിശകലനം ചെയ്യുക.




# 2. ഞാൻ കഥാകാരനായ കഥ

കഥാകാരനും, നോവലിസ്റ്റും , സഞ്ചാരസാഹിത്യകാരനും ജ്ഞാന പീഠ ജേതാവുമായ എസ്.കെ. പൊറ്റെക്കാടിന്റെ അനുഭവവിവരണമാണ് ഞാൻ കഥാകാരനായ കഥ. ഒരു അമ്മയ്ക്കുവേണ്ടി എഴുതിയ കത്തു കളാണ് തന്റെ സാഹിത്യരചനകൾക്ക് പ്രചോദനമായതെന്ന് എസ്. കെ. വെളിപ്പെടുത്തുന്നു. ജീവിതാവസ്ഥകൾ സർഗപ്രതിഭയെ സൃഷ്ടിക്കുന്നു എന്ന് സ്വന്തം അനുഭവത്തിലൂടെ വിവരിക്കുന്നു. ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, നൈൽഡയറി, വിഷകന്യക തുടങ്ങിയവ പ്രധാനകൃതികൾ.



**ആശയങ്ങൾ**

- സ്വന്തം ജീവിതാവസ്ഥകൾ എഴുത്തിനെ നന്നായി സ്വാധീനിക്കുന്നു.
- തന്റെ അനുഭവപരിസരത്ത് നിന്ന് വരുന്ന വിഷയങ്ങൾ സ്വാഭാവികമായ സർഗാത്മകതയ്ക്ക് വഴി യൊരുങ്ങുന്നു.
- വർഷങ്ങൾക്കു ശേഷം അവയായിരുന്നു. തന്റെ എഴുത്തിന്റെ ആദ്യഘട്ടം എന്ന് തിരിച്ചറിയുന്നു.
- മുക്കാലും കുരുടിയായിരുന്ന അക്ഷരാഭ്യാസമില്ലാത്ത ഒരു മുത്തിത്തള്ള തന്റെ മകന് കത്തെഴു താനായി എസ്.കെ.യുടെ സമീപത്തെത്തുന്നു.
- ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന എസ്.കെ. അവർ കണ്ണീർ കലർത്തി പറഞ്ഞ കഷ്ടപ്പാടു കളും ത്യാഗങ്ങളും ഒക്കെ പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് കത്തുകളെഴുതി മകനയച്ചുകൊടുത്തു.
- തന്റെ വിവാഹത്തിനു ശേഷം സ്വന്തം അമ്മയെ മകൻ 'കുറം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പാ യിച്ചു.
- എസ്.കെ.യുടെ കത്തുകൾ ആ മോന്റെ മനസ്സിളക്കി. അയാൾ അമ്മയ്ക്ക് ഭാര്യയറിയാതെ പണം അയച്ചു തുടങ്ങി.
- 17 വർഷങ്ങൾക്കു ശേഷം ഭാര്യയുടെ നടപടിദൂഷ്യം കൊണ്ട് അയാൾ അവരെ ഉപേക്ഷിച്ചു.
- മകന്റെ സംഭാവനകൊണ്ട് സുഖിക്കാൻ കഴിയുന്നതിനു മുമ്പുതന്നെ ആ തള്ള മരിച്ചു.
- അന്നെഴുതിയ കത്തുകളാണ് തന്റെ ആദ്യത്തെ 'ചെറുകഥകൾ' എന്ന് എസ്.കെ. അഭിമാനത്തോടെ വിശ്വസിക്കുന്നു.

**ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.**

1. സ്വന്തം വകയായി ചില <u>സരസ്വതീവിലാസങ്ങളും</u> ചേർത്തു. അടിവരയിട്ട പദം സൂചിപ്പിക്കുന്നത്.

   എ) സരസ്വതിയുടെ വിലാസം ചേർത്തു.

   ബി) തന്റേതായ ശൈലിയിൽ കുറച്ചു കൂട്ടിച്ചേർക്കലുകൾ നടത്തി.

സി) പറഞ്ഞകാര്യങ്ങൾ മാത്രം ചേർത്തു.

ഡി) നിരന്തരം കത്തുകളയച്ചു.

2. എസ്.കെ.ക്ക് സഹതാപവും തുടർന്നുകൊണ്ട് ഉള്ളിൽ ചിരിയും വന്നു. കാരണമെന്ത്?

എ) പതിനേഴ് കൊല്ലത്തിനുശേഷം ഭാര്യയെ ഉപേക്ഷിച്ചത്.

ബി) ഭാര്യ അറിയാതെ അമ്മയ്ക്ക് പണമയച്ചത്.

സി) മകനെ കോഴിക്കോട് വച്ച് കണ്ടുമുട്ടിയത്.

**രണ്ടോമൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക.**

3. "എന്റെ മാളികയിലെ വ്രാന്തയിലേക്ക് കയറിവരുന്ന ആ രംഗം ഞാനിപ്പോഴും മുൻപിൽ കാണുന്നു." ഏതു രംഗത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?

4. "അക്ഷന്തവ്യമായ കൃതഘ്നതയോടെ പെരുമാറിയ തന്റെ പുത്രനോട് ആ തള്ളയ്ക്ക് ഒട്ടും വിദ്വേഷമില്ലായിരുന്നു." - വിദ്വോഷമില്ലാതിരുന്നതിന് കാരണമെന്തായിരുന്നു?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. "ഈ കഥയ്ക്ക് ഒരു അനുബന്ധം കൂടിയുണ്ട്." എസ്.കെ.യുടെ അനുഭവക്കുറിപ്പിലെ അനുബന്ധ കഥ വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

- മകൻ ഉപേക്ഷിച്ച മുക്കാലും കുരുടിയായ തള്ളയ്ക്കുവേണ്ടി എസ്.കെ. കത്തുകളെഴുതി.
- അവരനുഭവിക്കുന്ന കഷ്ടതകൾ സ്വന്തമായി കൂട്ടിച്ചേർക്കലോടെ കത്തുകളിൽ എസ്.കെ. വിവരിച്ചു.
- മകന്റെ മനസ് മാറ്റാൻ ആ കത്തുകൾക്കു കഴിഞ്ഞു.
- അമ്മ മരിച്ചതിനുശേഷം മകനെ എസ്.കെ. കണ്ടു.
- നടപടിദൂഷ്യം കൊണ്ട് 17 വർഷത്തിനുശേഷം അയാൾ ഭാര്യയെ ഉപേക്ഷിച്ചു.

6. 'അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി.' എസ്.കെ.യുടെ ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

- വൃദ്ധയ്ക്കു വേണ്ടിയുള്ള കത്തെഴുത്ത്.
- കത്തിൽ എസ്.കെയുടെ സരസ്വതീവിലാസം.
- മകന്റെ മനം മാറ്റം.
- കത്തെഴുതുന്നതാരാണെന്ന മകന്റെ ചോദ്യം.
- അമ്മയുടെ ഉത്തരം.

**ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. "അവർ കണ്ണീരിൽ കലർത്തിപ്പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി."

ഒരമ്മയുടെ വേദന തന്നെ ഒരെഴുത്തുകാരനാക്കി എന്ന് എസ്.കെ.യുടെ അനുഭവക്കുറിപ്പിലൂടെ 'അനുഭവവും പ്രകൃതിയും സർഗ്ഗശക്തിയുടെ ഉറവിടം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

- വൃദ്ധയുടെ ദയനീയമായ ജീവിതാവസ്ഥ.
- സരസ്വതീവിലാസങ്ങളോടെയുള്ള എസ്.കെ.യുടെ കത്ത്.
- കത്തുകൾ വായിച്ച മകനുണ്ടായ മനംമാറ്റം.
- വൈകാരിക ഭാഷ നിറഞ്ഞ കത്തുകൾ.

**ഇതര ചോദ്യങ്ങൾ**

1. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത്

ഞാൻ ആ മടയനായ മകനു തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു."

'സരസ്വതീവിലാസങ്ങൾ' എന്ന പ്രയോഗങ്ങൾ നല്കുന്ന സൂചനകൾ എന്തെല്ലാം?

2. "അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലായിപ്പോയി." - എസ്.കെ. പൊറ്റെക്കാട് ജീവിതത്തിൽ ഇതുപോലെ പ്രോത്സാഹനം ലഭിച്ച അനുഭവം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? സ്വാനുഭവക്കുറിപ്പ് തയ്യാറാക്കുക.




# 3. അശ്വമേധം



വയലാർ രാമവർമ്മയുടെകവിതയാണ് അശ്വമേധം. മനുഷ്യന്റെ സർഗ്ഗശക്തിയെയാണ് കുതിരയായി സങ്കൽപ്പിക്കുന്നത്. മനുഷ്യശക്തിയെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല, ഈ സന്ദേശമാണ് അശ്വമേധം എന്ന കവിതയിലുള്ളത്.

**പ്രധാന ആശയങ്ങൾ**

- മനുഷ്യന്റെ സർഗ്ഗശക്തിയെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല.
- നാടൻപാട്ടുകളിലാണ് സർഗ്ഗശക്തി ആദ്യം പ്രകടമായത്.
- പ്രകൃതിയുടെ താളവും, പ്രകൃതി നൽകുന്ന ജീവിതപാഠങ്ങളും ഇതിൽ ഉണ്ട്.
- നാടൻപാട്ടുകൾ അനീതിയ്ക്കും സ്വാർത്ഥതയ്ക്കും എതിരായ ശബ്ദമായിരുന്നു.
- നാടൻപാട്ടുകളിലൂടെയാണ് സാഹിത്യം വളർന്നത്.
- സാമ്രാജ്യശക്തികളെ പരാജയപ്പെടുത്താൻ സർഗ്ഗശക്തിക്ക് കഴിഞ്ഞിട്ടുണ്ട്.
- പക്ഷേ സാഹിത്യം പലതരത്തിലുള്ള സ്വാധീനങ്ങൾക്ക് വിധേയമായി.
- ഇപ്പോൾ സാഹിത്യം സ്വതന്ത്രമാണ്.
- നാടൻപാട്ടുകളുടെ തുടർച്ചയാണ് ഇന്നത്തെ സാഹിത്യം. അതിനാൽ കർഷകരാണ് യഥാർത്ഥ സംസ്കാരശിൽപ്പികൾ.
- ഇന്നത്തെ സാഹിത്യകൃതികൾ അനീതിയ്ക്കും സ്വാർത്ഥതയ്ക്കും എതിരായ ശബ്ദമാണ്. അതിൽ കവി അഭിമാനിക്കുന്നു.
- ഈ കാലഘട്ടത്തിൽ മനുഷ്യന്റെ അജയ്യത കാത്തുസൂക്ഷിക്കുന്ന ശക്തിയായി കവി നിലനിൽക്കുന്നു.
- മനുഷ്യശക്തിയെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല.

**ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. പിന്നെ രാജകിയോന്മത്തസേനകൾ

   വന്നു നിന്നു പടപ്പാളയങ്ങളിൽ - എന്ന വരികൾ സൂചിപ്പിക്കുന്നത്.

- സാഹിത്യത്തെ സ്വാധീനിക്കാൻ രാജാക്കന്മാർ ശ്രമിച്ചു.
- രാജാക്കന്മാർ യുദ്ധത്തിന് തയ്യാറായി നിന്നു.
- രാജാക്കന്മാർ പടപ്പാളയങ്ങൾ അന്വേഷിച്ചു.
- സാഹിത്യത്തെ രാജാക്കന്മാർ അവഗണിച്ചു.

2. എത്ര കൊറ്റക്കുടകൾ യുഗങ്ങളിൽ

കുത്തിനിർത്തിയ മുത്തണിക്കൂണുകൾ - അടിവരയിട്ട പ്രയോഗം വ്യക്തമാക്കുന്നത്

- വിലമതിക്കാനാവാത്തതാണ്.
- അലങ്കാരങ്ങളോടെ നിൽക്കുന്നതാണ്.
- ദുർബ്ബലമാണ്.
- ആകർഷണീയമാണ്.

3. മണ്ണിൽനിന്നു പിറന്നവർ മണ്ണിനെ

പ്പൊന്നണിയിച്ച സംസ്കാരശിൽപ്പികൾ - ആശയം വിശകലനം ചെയ്യുക

- നാടൻപാട്ടുകളിലൂടെയാണ് സാഹിത്യം വളർന്നത്.
- മണ്ണിൽ അധ്വാനിച്ച് ജീവിക്കുന്നവരാണ് നാടൻപാട്ടുകൾ പാടിയിരുന്നത്.
- അവരുടെ ജീവിതപ്രശ്നങ്ങളാണ് പ്രമേയം.
- സാഹിത്യം സംസ്കാരം രൂപപ്പെടുത്തുന്നു.
- കർഷകരാണ് യഥാർത്ഥ സംസ്കാരശിൽപ്പികൾ.

4. ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ

മായുകില്ലെന്റെ ചൈതന്യവീചികൾ !

കവി ഇങ്ങനെ പറയാൻ കാരണമെന്ത് ?

- മനുഷ്യന്റെ സർഗ്ഗശക്തിയാകുന്ന കുതിരയുടെ, ഈ യുഗത്തിലെ കാവൽക്കാരൻ കവിയാണ്.
- സാധാരണ ജനങ്ങളുടെ പൊതുവായ പ്രശ്നങ്ങളാണ് കവിതയിൽ അവതരിപ്പിച്ചത്.
- കവിതയുടെ ചൈതന്യം നശിച്ചുപോകുന്നില്ല.

5. ഇന്നലത്തെച്ചരിത്രം മയങ്ങുന്ന

മണ്ണിലൂടെ കുതിച്ചുപാഞ്ഞീടവേ

എത്രയെത്ര ശവകുടീരങ്ങളിൽ

നൃത്തമാടിയതാണക്കുളമ്പുകൾ -സാഹിത്യചരിത്രത്തെ സംബന്ധിച്ച എന്തെല്ലാം സൂചകങ്ങളാണ് ഈ കവിതയിലുള്ളത്?

- നാടൻപാട്ടുകളിലാണ് സർഗ്ഗശക്തി ആദ്യം പ്രകടമായത്.
- പ്രകൃതിയുടെ താളവും, പ്രകൃതി നൽകുന്ന ജീവിതപാഠങ്ങളും ഇതിൽ ഉണ്ട്.
- നാടൻപാട്ടുകളിലൂടെയാണ് സാഹിത്യം വളർന്നത്.
- സാമ്രാജ്യശക്തികളെ പരാജയപ്പെടുത്താൻ സർഗ്ഗശക്തിക്ക് കഴിഞ്ഞിട്ടുണ്ട്.
- പക്ഷേ സാഹിത്യം പലതരത്തിലുള്ള സ്വാധീനങ്ങൾക്ക് വിധേയമായി.
- ഇപ്പോൾ സാഹിത്യം സ്വതന്ത്രമാണ്.
- നാടൻപാട്ടുകളുടെ തുടർച്ചയാണ് ഇന്നത്തെ സാഹിത്യം.

6. അക്കുളമ്പടിയേറ്റുവീണുപോയ്

അത്രയേറെബ്ഭരണകൂടങ്ങളും

ഭരണകൂടങ്ങളെ തകർക്കാൻ സർഗ്ഗശേഷിക്ക് കഴിയുമോ? സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക.

- മനുഷ്യന്റെ സർഗ്ഗശക്തിക്ക് അധികാരകേന്ദ്രങ്ങളെക്കാൾ ശക്തിയുണ്ട്.
- ഒരിക്കലും തോൽപ്പിക്കാനാവില്ലെന്ന് കരുതിയ പല സാമ്രാജ്യശക്തികളെയും പരാജയപ്പെടുത്താൻ മനുഷ്യന്റെ സർഗ്ഗശക്തിക്ക് കഴിഞ്ഞിട്ടുണ്ട്.
- റൂസോയുടെയും വോൾട്ടയറുടെയും മൊണ്ടസ്ക്യൂവിന്റെയും സാഹിത്യസൃഷ്ടികൾ അധികാരശക്തികളെ നിഷ്പ്രഭമാക്കിയിട്ടുണ്ട്.

7. "ദിഗ്വിജയത്തിനെൻ സർഗശക്തിയാ-

മിക്കുതിരയെ വിട്ടയ്ക്കുന്നു ഞാൻ"

ലോകത്തെ കീഴടക്കുന്ന മനുഷ്യശക്തിയാണ് 'അശ്വമേധം' എന്ന കവിതയിൽ തെളിയുന്നത്. 'അജയ്യമായ മനുഷ്യശക്തി' എന്ന വിഷയത്തിൽ പ്രസംഗം തയാറാക്കുക.

- ഇന്ന് ശാസ്ത്രസാങ്കേതിക വിദ്യയുടെ പരകോടിയിലെത്തി നിൽക്കുകയാണ് മാനവജനത.
- മനുഷ്യൻ ദശലക്ഷം വർഷങ്ങൾ പ്രകൃതിയുമായി മല്ലിട്ടാണ് ഇക്കാണുന്ന ലോകം സൃഷ്ടിച്ചത്.
- ഇടയ്ക്കിടയ്ക്ക് അഹങ്കാരികളും ദുഷ്ചിന്തകരും ലോകത്തെ നശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സാഹിത്യരചനകളും അവയുടെ ചുവടു പിടിച്ചുള്ള പ്രവർത്തനങ്ങളും അതൊക്കെ പരാജയപ്പെടുത്തി.
- തിന്മയ്ക്ക് വഴിപ്പെടാതെ സർഗ്ഗസൃഷ്ടികൾ നന്മയ്ക്കുവേണ്ടി നിലകൊണ്ടു.
- ലോകപുരോഗതിയും നന്മയുമാണ് സർഗസൃഷ്ടികളുടെ യഥാർത്ഥലക്ഷ്യം.